# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.11/451/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 11/05/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.11/451/22 തീയ്യതി: 11/05/2022

## തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 05-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 59 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 51 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 16-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-03-2022 | 16-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.എം.എൽ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി.എസ്., സീനയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഉഷാകുമാരി അമ്മ.ആർ. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഉദ്യോഗസ്ഥ ഭരണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. ഹരികുമാർ.എസ്. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ. അശോക്.സി. | സെക്രട്ടറി | 01-04-2020 | 23-10-2020 |
| ശ്രീമതി സന്ധ്യ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-10-2020 | 15-11-2020 |
| ശ്രീ. അശോക്.സി. | സെക്രട്ടറി | 16-11-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലക്ഷ്മി.വി. | കൃഷി ഓഫീസർ | 01-04-2020 | 12-07-2020 |
| ശ്രീമതി ശരണ്യ.എസ്.എസ്. | കൃഷി ഓഫീസർ | 13-07-2020 | 31-03-2021 |
| ശ്രീമതി ശോശാമ്മ..പി.ഒ. | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. രമ.എൽ. | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. ഹേമലത | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. ലിമ | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ. അരുൺ നിഗ്ലി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-04-2020 | 31-03-2021 |
| ശ്രീ. അഭിലാഷ്.എം.എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 2 | 01-04-2020 | 31-07-2020 |
| ശ്രീമതി സ്നേഹ വിശ്വനാഥ്.സി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 2 | 01-08-2020 | 31-03-2021 |
| ശ്രീമതി ആശ.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. അശോക്.സി. | സെക്രട്ടറി | 01-04-2020 | 23-10-2020 |
| ശ്രീമതി സന്ധ്യ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-10-2020 | 15-11-2020 |
| ശ്രീ. അശോക്.സി. | സെക്രട്ടറി | 16-11-2020 | 31-03-2021 |
| ശ്രീമതി പുഷ്കല അമ്മാൾ.ആർ. | എച്ച്.എം.- ഗവ. യു.പി.എസ്. കണിയാപുരം | 01-04-2020 | 31-05-2020 |
| ശ്രീ. നജിമുദ്ദീൻ.എം. | എച്ച്.എം.- ഗവ. യു.പി.എസ്. കണിയാപുരം | 01-06-2020 | 31-03-2021 |
| ശ്രീമതി അൻസി.എ.ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. കൃഷ്ണദത്ത്.പി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. ഷിബു.എം.എസ്. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha.M.L (Senior Grade Auditor, On 16-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lekha.M.L (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-04-2022) | 1-2 |
| 3 | ട്രഷറി ബാലൻസിൽ 1691569/- രൂപ കുറവ് - കാരണം കണ്ടെത്തിയിട്ടില്ല<br>Written By: Lekha.M.L (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-2-1 |
| 4 | ഇ.എം.എസ് ഭവന വായ്പ തിരിച്ചടവ്- 157368/-രൂപ അധികമായി ഒടുക്കി.<br>Written By: Lekha.M.L (Senior Grade Auditor, On 16-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-2-2 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Lekha.M.L (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-3 |
| 6 | ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം<br>Written By: Lekha.M.L (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-3-1 |
| 7 | വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും ആവശ്യമായ വകയിരുത്തൽ.<br>Written By: Lekha.M.L (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-3-2 |
| 8 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-4 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Sreedevi S (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-5 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി.<br>Written By: Sreedevi S (Senior Grade Auditor, On 17-03-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 1-5-1 |
| 11 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി.<br>Written By: Sreedevi S (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-5-2 |
| 12 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 08-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-6 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-7 |
| 14 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വിശദാംശങ്ങൾ.<br>Written By: Sreedevi S (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-8 |
| 15 | MGNREGS വ്യക്തിഗത ആനുകൂല്യം - ഗ്രാമസഭ അംഗീകരിച്ചില്ല.<br>Written By: Sreedevi S (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-8-1 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-9 |
| 17 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-10 |

| | | |
|---|---|---|
| 18 | കെട്ടിടനിർമ്മാണ പെർമിറ്റ്/ക്രമവൽക്കരണം - അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-11 |
| 19 | വസ്തു നികുതി - അപാകങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 18-03-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 1-12 |
| 20 | നമ്പറിംഗ്/വസ്തുനികുതി നിർണയം - അപാകങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-12-1 |
| 21 | തൊഴിൽ നികുതി- അപാകങ്ങൾ<br>Written By: Sreedevi S (Senior Grade Auditor, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-13 |
| 22 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Sreedevi S (Senior Grade Auditor, On 18-03-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 1-14 |
| 23 | ലേലം - നടപടികളിലെ അപാകങ്ങൾ.<br>Written By: Sreedevi S (Senior Grade Auditor, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-15 |
| 24 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.<br>Written By: Sreedevi S (Senior Grade Auditor, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 25-04-2022) | 1-16 |
| 25 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ.<br>Written By: Sreedevi S (Senior Grade Auditor, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-17 |
| 26 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ- പുതുക്കൽ, സമയക്രമം എന്നിവയിലെ അപാകങ്ങൾ.<br>Written By: Sreedevi S (Senior Grade Auditor, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-18 |
| 27 | കടമുറി വാടക –പൂർണമായും ഈടാക്കിയിട്ടില്ല.<br>Written By: Sreedevi S (Senior Grade Auditor, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-19 |
| 28 | ഓഡിറ്റ് - തുടർ നടപടികൾ ത്വരിതപ്പെടുത്തണം.<br>Written By: Manesh.B.H (Audit Officer, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-20 |
| 29 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.<br>Written By: Manesh.B.H (Audit Officer, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-21 |
| 30 | പാഥേയം - പദ്ധതിക്ക് വിരുദ്ധമായി തുക ചെലവഴിച്ചു - 4800/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-22 |
| 31 | കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ - പ്രിന്റർ ലഭിച്ചില്ല - 28,968/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Lekha.M.L (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-23 |
| 32 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Lekha.M.L (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-24 |
| 33 | ലക്ഷം വീട് കോളനി അടിസ്ഥാന സൗകര്യ വികസനം-രേഖകളുടെ അഭാവത്തിൽ 150000/-രൂപ തടസപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-25 |
| 34 | ടോയ്‌ലറ്റ് മെയിന്റനൻസ് - ഗുണഭോക്തൃ ലിസ്റ്റ് കൂടാതെ പദ്ധതി നടപ്പാക്കി - 1190000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-26 |

| | | |
|---|---|---|
| 35 | ലൈഫ് ഭവന പദ്ധതി- അപാകങ്ങൾ.<br>Written By: Sarath J Sankar (Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-27 |
| 36 | ലൈഫ് പദ്ധതി - ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-28 |
| 37 | ഭവന പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.<br>Written By: Sarath J Sankar (Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-29 |
| 38 | ഭവന പുനരുദ്ധാരണം - രേഖകൾ ഹാജരാക്കിയില്ല- 100000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.<br>Written By: Sarath J Sankar (Auditor, On 17-03-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 1-30 |
| 39 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.<br>Written By: Sarath J Sankar (Auditor, On 17-03-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 1-31 |
| 40 | പഠനം പൂർത്തീകരിച്ച വ്യക്തിയ്ക്ക് ലാപ്ടോപ്പ് നൽകി - തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല.<br>Written By: Sarath J Sankar (Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-32 |
| 41 | ജാഗ്രത സമിതി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Sarath J Sankar (Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-33 |
| 42 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - 1,46,215/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Sreedevi S (Senior Grade Auditor, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-34 |
| 43 | കാലാവധി കഴിഞ്ഞ മരുന്ന് വിതരണം ചെയ്തു.<br>Written By: Sreedevi S (Senior Grade Auditor, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-35 |
| 44 | സ്കൂളുകളിലേക്ക് സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ് എന്നിവ വാങ്ങൽ – ചെലവ് അക്കൌണ്ട് ചെയ്തതിലെ അപാകം.<br>Written By: Manesh.B.H (Audit Officer, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-36 |
| 45 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനാവശ്യമായ അടിസ്ഥാന രേഖകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: Manesh.B.H (Audit Officer, On 18-03-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 1-37 |
| 46 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകങ്ങൾ.<br>Written By: Manesh.B.H (Audit Officer, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-38 |
| 47 | സ്കൂളുകളിൽ മിനി എം.സി.എഫ്. - പ്രവൃത്തി നിർവ്വഹണത്തിലെ അപാകം.<br>Written By: Manesh.B.H (Audit Officer, On 18-03-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 1-39 |
| 48 | എസ്റ്റിമേറ്റ് വ്യാപകമായി പുതുക്കുന്നു.<br>Written By: Manesh.B.H (Audit Officer, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-40 |
| 49 | ഹരിത ഭവനം - പ്രോജക്ട് ഭാഗികമായി നടപ്പാക്കി.<br>Written By: Manesh.B.H (Audit Officer, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-41 |
| 50 | പ്രൊക്യൂർമെന്റ് - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Manesh.B.H (Audit Officer, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-42 |
| 51 | പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ നടപടികളില്ല.<br>Written By: Manesh.B.H (Audit Officer, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 1-43 |
| | ഭാഗം **2** | |
| 1 | ഇല്ല | 2-1 |

| | | |
|---|---|---|
| | Written By: Manesh.B.H (Audit Officer, On 18-03-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | |
| | **ഭാഗം 3** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 18-03-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം.<br>Written By: Lekha.M.L (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്കു നല്കിയ തുകയുടെ വിവരം.<br>Written By: Lekha.M.L (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Lekha.M.L (Senior Grade Auditor, On 17-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Manesh.B.H (Audit Officer, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Manesh.B.H (Audit Officer, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 14-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 18-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 26-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 14-03-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25.03.2020-ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുൻബാക്കി 5108113/- രൂപയും, പ്രതീക്ഷിത വരുമാനം 339264715/-രൂപയും ചേർത്ത് ആകെ വരവ് 344372828/- രൂപയും ആകെ ചെലവ് 337475125/- രൂപയും നീക്കി ബാക്കി 6897703 /- രൂപയും വകയിരുത്തിയ ബജറ്റാണ് അംഗീകരിച്ചത്. 2020-21 വർഷത്തെ റിവൈസ്ഡ് ബജറ്റ് 22.02.2021-ലെ I(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ വരവ് 306245545/- രൂപയും ചെലവ് 289279000/-രൂപയും 16966545/-രൂപ നീക്കിയിരിപ്പും ഉൾപ്പെടുത്തിയ ബജറ്റാണ് അംഗീകരിച്ചത്. 02.12.2016-ലെ ജി.ഒ(ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസംതോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിപ്പിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തി വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച വിലയിരുത്തൽ മാസംതോറും നിരീക്ഷിക്കുന്നത് വരുമാനം മെച്ചപ്പെടുത്തുന്നതിനും വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സഹായകരമാണ്. ആയതിനാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്. 02.12.2016-ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്നും (ബജറ്റ് മാന്വൽ ഖണ്ഡിക 4-5), പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്നും ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi)) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിലും ജനറൽ കമ്മറ്റി മിനിട്സിലും രേഖപ്പെടുത്തേണ്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക നിയന്ത്രണത്തിന്റെ അടിസ്ഥാന പ്രക്രിയയായ ബജറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 22.7.21 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റസീപ്റ്റ് & പേയ്മെന്റ് പത്രിക RP 40(b) 450250102 ഹെഡിൽ Treasury Ownfund 1-2 ൽ 71746/- രൂപ ബാലൻസ് അവശേഷിക്കുന്നു. പ്രസ്തുത അക്കൗണ്ടിന്റെ പാസ്ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. 450250110 Treasury TSB A/cൽ 2691569/-രൂപ അവശേഷിക്കുന്നു. പ്രസ്തുത അക്കൌണ്ടിന് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 1691569/-രൂപ, Cheque Deposited But Not Collected From Bank, Directly Debited By The Bank എന്ന് രേഖപ്പെടുത്തി പൊരുത്തപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത തുക സംബന്ധിച്ച ഫണ്ട് വിവരം, ഫണ്ടിന്റെ ഉറവിടം , ഡെബിറ്റ് ഹെഡ്, ക്രെഡിറ്റ് ഹെഡ് ഇവയുടെ വിശദാംശം, തുക അക്കൌണ്ടിൽ വന്നതിന്റെ വിവരം എന്നിവ സംബന്ധിച്ച വിശദാംശം ലഭിച്ചിട്ടില്ല.

3. സംയുക്ത പ്രോജക്ടിന്റെ ബ്ലോക്ക് വിഹിതം മുന്നിരിപ്പ് 2277202/-, വരവ് 3334737/- ചെലവ് 3813101/- ഇവ തമ്മിൽ കണക്കാക്കുമ്പോൾ 1798838/- രൂപയാണ് നീക്കിയിരിപ്പ് വരേണ്ടത്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ നീക്കിയിരിപ്പ് 1797202/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

4. MGNREGS ക്യാഷ്ബുക്ക് പ്രകാരം വരവ് 1725336/- ആകെ വരവ് 2310882/- ചെലവ് 2308000/- എന്നിങ്ങനെയാണ്. ഗ്രോബാഗിന്റെ വരവ് ചെലവ് 30000/- രൂപ 20-21 വർഷം ക്യാഷ്ബുക്കിൽ ഉൾപ്പെടുത്തി. AFS ൽ ഇത് ഉൾപ്പെടുത്തി കാണുന്നില്ല.

5. മെയിന്റനൻസ് ഗ്രാന്റ് റോഡ് ഉപയോഗിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ (178/22) കീഴേവീട് താമരക്കുളം റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയുടെ ചെലവ് തുക 201479/- ACR ലും AFS ലും സുലേഖപത്രികയിലും ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ചെലവ് ഉൾപ്പെട്ടിട്ടില്ല.

6. വികസനഫണ്ടിൽ നിന്നും വിവിധ പദ്ധതികൾക്കായി സോഴ്സ് ഡിഡക്ഷൻ ആയി 370030039/- രൂപ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ

അംഗൻവാടി അധികവേതനം ഇനത്തിൽ ആകെ സോഴ്സ് ഡിഡക്ഷൻ ആയി ആകെ 1314000/- ഗ്രാന്റിൽ നിന്നും കുറവ് ചെയ്തിട്ടുള്ളതിൽ 438000/-രൂപയാണ് സുലേഖ പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ചെലവായി അക്കൌണ്ട് ചെയ്തിട്ടുള്ളത്. 876000/- രൂപയുടെ ചെലവ് അക്കൌണ്ട് ചെയ്തിട്ടില്ല.

7. ഡെയിഡേഴ്സ് തൊഴിൽ നികുതി, വസ്തു നികുതി, ലേലം, വാടക, ലൈസൻസ് എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. Income & Expenditure I-6 ഷെഡ്യൂളിൽ ചേർത്തിട്ടുള്ള സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ വരവ് ചെലവ് തുകകളും DBT Statement പ്രകാരമുള്ള വരവ് ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9. ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ ഹരിതചട്ടം-സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ഭക്ഷണം കഴിക്കുന്നതിന് സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്സ് എന്ന പ്രോജക്ടിനായി 116411/- രൂപ അടങ്കൽ വകയിരുത്തിയിരിക്കുന്നു. എന്നാൽ 200107/-രൂപ ചെലവ് ചെയ്തിരിക്കുന്നു.

10. വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല.

11. വാർഷിക ധനകാര്യപത്രികയിൽ B18 ഷെഡ്യൂളിൽ 460500399 ലെ 761600/- രൂപ ക്രമീകരിച്ചതിന്റെ വിവരം ഹാജരാക്കിയിട്ടില്ല.

12. ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് പഞ്ചായത്തിൽ ലഭിച്ച തുകകളിൽ കാലഹരണപ്പെട്ട തുകകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/9.3.22) ലഭ്യമാക്കിയ മറുപടിയും ഓഡിറ്റിന്റെ അഭിപ്രായവും/നിർദ്ദേശവും ചുവടെ ചേർക്കുന്നു.

1. പ്രസ്തുത അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല - അക്കൗണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കഴക്കൂട്ടം ട്രഷറിയിലെ STSB 701051400000010 നമ്പർ അക്കൌണ്ടിന്റെ 31.3.19 തീയതിയിൽ ട്രഷറിയിൽ നിന്നും ലഭ്യമായ സ്റ്റേറ്റ്മെന്റ് പ്രകാരം അക്കൗണ്ടിൽ ക്ലോസിംഗ് ബാലൻസ് 1705210/- രൂപയായിരുന്നു. ആയത് പ്രകാരം സാംഖ്യയിൽ റീകൺസിലിയേഷൻ പൂർത്തിയാക്കി. എന്നാൽ 1.4.19ൽ ട്രഷറിയിൽ നിന്നും ലഭ്യമായ സ്റ്റേറ്റ്മെന്റ് പ്രകാരം 13641/- രൂപയാണ് ഓപ്പണിംഗ് ബാലൻസ്. അപ്രകാരം TSB അക്കൌണ്ടിൽ 1691569/- രൂപയുടെ കുറവുണ്ടായി. പ്രസ്തുത തുക അക്കൗണ്ടിൽ കുറവ് വന്നതിനെ സംബന്ധിച്ച് വ്യക്തത ഇല്ല - പ്രസ്തുത അക്കൗണ്ടിലെ അപാകം സംബന്ധിച്ച് ട്രഷറിയുമായി റിക്കൺസിലിയേഷൻ നടത്തി ഓഡിറ്റിൽ റിപ്പോർട്ട് ചേയ്യേണ്ടതാണ്.

3, 4, 5, 6, 7 വ്യക്തമായ വിവരം ലഭിച്ചിട്ടില്ല - അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. സോഫ്റ്റ്‌വെയറിലുള്ള അപാകതയാണ് പൊരുത്തക്കേടിന് കാരണം എന്നറിയിച്ചു.

9. ഹെഡ്മാസ്റ്റർ വിശദീകരണം ലഭ്യമാക്കുന്ന മുറയ്ക്ക് അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു - അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

10. അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

11. മുൻകൂർ ക്രമീകരിച്ചതിന്റെ വിവരങ്ങൾ അടുത്ത ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചു.

12. കാലഹരണപ്പെട്ട തുകകൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് അറിയിക്കുന്നതാണെന്ന് അറിയിച്ചു.

അപാകതകൾ പരിഹരിക്കേണ്ടതും ട്രഷറി അക്കൗണ്ട് സംബന്ധിച്ച വിശദാംശങ്ങൾ കണ്ടെത്തി അറിയിക്കേണ്ടതുമാണ്.

## 1-2-1 ട്രഷറി ബാലൻസിൽ 1691569/- രൂപ കുറവ് - കാരണം കണ്ടെത്തിയിട്ടില്ല

2020-21 വാർഷിക ധനകാര്യപത്രിക RP 40(b)യിൽ 450250110 ഹെഡിൽ Treasury TSB A/c ൽ ക്യാഷ്ബുക്ക് പ്രകാരം 2691569/- രൂപ അവശേഷിക്കുന്നു. എന്നാൽ പ്രസ്തുത അക്കൌണ്ടിന്റെ ട്രഷറി ബാലൻസിൽ 31.3.21ൽ 1000000/- രൂപ മാത്രമാണ് അവശേഷിക്കുന്നത്. 1691569/-രൂപയുടെ കുറവ് കാണുന്നു. പ്രസ്തുത അക്കൌണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 1691569/-രൂപ, Cheque Deposited But Not Collected From Bank, Directly Debited By The Bank എന്ന് രേഖപ്പെടുത്തി പൊരുത്തപ്പെടുത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട പരിശോധനയിൽ 31.3.19 മുതൽ പ്രസ്തുത തുക ട്രഷറി ബാലൻസിൽ കുറവായി കാണുന്നു. ഈ തുക ഇതുവരെയും ബാങ്കിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.
പ്രസ്തുത തുക സംബന്ധിച്ച ഫണ്ട് വിവരം, ഫണ്ടിന്റെ ഉറവിടം, ഡെബിറ്റ് ഹെഡ്, ക്രഡിറ്റ് ഹെഡ് ഇവയുടെ വിശദാംശം, തുക അക്കൌണ്ടിൽ വന്നതിന്റെ വിശദാംശം, ട്രഷറിയിൽ തുക കുറവ് വന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്നിവ അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 24/11.3.22) തുക ട്രഷറിയിൽ കുറവ് വന്നത് സംബന്ധിച്ച് വിശദാംശങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും 31.3.19 മുതൽ ട്രഷറിയിൽ കുറവ് വന്ന 1691569/- രൂപയുടെ വിവരം അറിയിച്ച് കഴക്കൂട്ടം സബ്ട്രഷറി ഓഫീസർ, ജില്ല ട്രഷറി ഓഫീസർ, ഡി ഡി പി എന്നിവർക്ക് കത്ത് അയച്ചെങ്കിലും ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും ഈ തുക ഇതുവരെയും ബാങ്കിൽ ക്രെഡിറ്റ് ചെയ്തിട്ടില്ലായെന്നും മറുപടിയിൽ അറിയിച്ചു.

ഇത്രയും വലിയ തുക ട്രഷറിയിൽ കുറവ് വന്നത് ഗൌരവമായി കാണേണ്ടതും അതിന്റെ കാരണം കണ്ടെത്താൻ കൂടുതൽ അന്വേഷണം ആവശ്യമെങ്കിൽ അത്തരത്തിൽ നടപടി സ്വീകരിച്ച് തുക സംബന്ധിച്ച് അടിയന്തിരമായി വ്യക്തത വരുത്തി

അറിയിക്കേണ്ടതുമാണ്.

## 1-2-2 ഇ.എം.എസ് ഭവന വായ്പ തിരിച്ചടവ്- 157368/-രൂപ അധികമായി ഒടുക്കി.

2020-21 വാർഷിക ധനകാര്യപത്രിക B5 ഷെഡ്യൂളിൽ 330500102 ഹെഡിൽ Secured Loan From Co Operative Banks 79860/- തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു. എന്നാൽ ലോൺ രജിസ്റ്റർ, അനുബന്ധ ഫയൽ എന്നിവ പരിശോധിച്ചപ്പോൾ പ്രസ്തുത ലോണിന് മുതൽ ഇനത്തിൽ 52600/-രൂപയും പലിശ ഇനത്തിൽ 104768/-രൂപയും അധികം അടച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| NAME OF PANCHAYATH | LOAN AMOUNT PAID TO GP | | PRINCIPAL AMOUNT REMITTED | | BALANCE | INTEREST ACCRUED | | | | INTEREST REMITTED | |
|---|---|---|---|---|---|---|---|---|---|---|---|
| | DATE | AMOUNT | DATE | AMOUNT | | FROM DATE | TO DATE | | | DATE | AMOUNT |
| | | | | | | | | NO.OF DAYS | INTEREST 10 % | 19/03/2011 | 13864 |
| | 12/07/2010 | 292500 | | 0 | 292500 | 12/07/2010 | 04/05/2011 | 297 | 23800 | 03/06/2011 | 7212 |
| ANDOORKONAM | | 0 | 05/05/2011 | 661600 | | | | | | 13/07/2012 | 31304 |
| | | 0 | 09/05/2011 | 58500 | | | | | | 09/05/2013 | 15288 |
| | 26/08/2011 | 375000 | | | | | | | | 21/02/2014 | 30533 |
| | | | 26/08/2011 | | | | | | | 24/04/2014 | 30367 |
| | | | | | | | | | | | 128568 |
| TOTAL | | 667500 | | 720100 | | | | | | | |
| | | | EXCESS | 52600 | | | | | | | 104768 |

മേൽ തുകകൾ അധികമായി അടയ്ക്കാനുണ്ടായ സാഹചര്യം, തുക തിരികെ ലഭിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/12.3.22), പഞ്ചായത്തിൽ നിന്നും അടച്ച തുക സഹകരണബാങ്കിൽ സസ്പെൻസ് ഹെഡിൽ രേഖപ്പെടുത്തിയതിനാലാണ് ഇത്തരത്തിൽ അപാകത സംഭവിച്ചതെന്നും ഇത് സംബന്ധിച്ച് ബാങ്കുമായി കത്തിടപാട് നടത്തിയിട്ടുണ്ടെന്നും തുക തിരികെ ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി നല്കി. മുതൽ ഇനത്തിൽ അധികമായി അടച്ച 52600/-രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലും പലിശ ഇനത്തിൽ അധികമായി അടച്ച 104768/- രൂപ സർക്കാരിലേക്കും ബാങ്കിൽ നിന്നും തിരികെ ഈടാക്കി ഒടുക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | ബജറ്റ് പ്രകാരമുള്ള തുക | പഞ്ചായത്തിന് നേരിട്ട് അനുവദിച്ച തുക | എസിആർ/ എഎഫ്എസ് പ്രകാരം വരവ് | മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് | ചെലവ് | Source Deduction 19- 20 Queue Bill ഉൾപ്പെടെ ആകെ ചെലവ് | 20-21 വർഷത്തെ Queue Bill | നീക്കിയിരിപ്പ്, ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 14076000 | 10345961 | 10248513 | 10248513 | 10248513 | 12739952 | - | 1336048<br>90.5% |
| വികസനഫണ്ട് SCP | 0 | 11770000 | 11243098 | 9283783 | 9283783 | 9283783 | 9492685 | - | 2277315<br>80.65% |
| മെയിന്റനൻസ് ഫണ്ട്- നോൺറോഡ് | 0 | 4859000 | 4809852 | 4809852 | 4809852 | 4809852 | 4809852 | - | 49148<br>98.98% |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 5284000 | 5284000 | 5279926 | 5279926 | 5279926 | 5078447 | - | 205553<br>3.8% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ റ്റൈഡ് ഗ്രാന്റ് | 0 | 6170000 | 6170000 | 2970000 | 2970000 | 2970000 | 2970000 | | 3200000<br>48.13% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺറ്റൈഡ് ഗ്രാന്റ് | 0 | 12999229 | 12999229 | 9606742 | 9606742 | 9606742 | 9606742 | - | 3392487<br>73.9% |
| അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി | 585546 | - | - | 1695336 | 2280882 | 2278000 | - | - | 2882<br>99.87% |

1) NREGS ക്യാഷ്ബുക്ക് പ്രകാരം വരവ് 1725336/-, ആകെ വരവ് 2310882/-, ചെലവ് 2308000/- എന്നിങ്ങനെയാണ്. ഗ്രോബാഗിന്റെ വരവ് ചെലവ് 30000/-രൂപ 20-21 വർഷം ക്യാഷ്ബുക്കിൽ ഉൾപ്പെടുത്തി. AFS ൽ ഇത് രേഖപ്പെടുത്തി കാണുന്നില്ല.

2) മെയിന്റനൻസ് ഗ്രാന്റ് റോഡ് ഉപയോഗിച്ച് അസി.എഞ്ചിനീയർ നടപ്പിലാക്കിയ (178/22) കീഴേവീട് താമരക്കുളം റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയുടെ ചെലവ് തുക 201479/- ACR ലും AFS ലും സുലേഖപത്രികയിലും ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ചെലവ് ഉൾപ്പെട്ടിട്ടില്ല.

3) വികസനഫണ്ട് ജനറൽ ACR പ്രകാരമുള്ള ആകെ ചെലവ് 10248513/- ആണ്. സുലേഖ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള ആകെ ചെലവ് 12739952/- രൂപയാണ്. ഇതിൽ ACR ൽ വന്നിട്ടുള്ള 362600/- രൂപയുടെ ചെലവ് അക്കൌണ്ട് ചെയ്തിട്ടില്ല. കൂടാതെ Source Deduction ആയി 3730039/- രൂപ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ സുലേഖയിൽ 876000/- രൂപയുടെ ചെലവിനുള്ള അംഗൻവാടി അധികവേതനം എന്ന പദ്ധതി ചെലവ് ഉൾക്കൊള്ളിച്ചിട്ടില്ല. സുലേഖ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ വരേണ്ട ആകെ ചെലവ് 10248513 + 2854039 + 876000 = 13978552/-രൂപയാണ്. സുലേഖ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന ചെലവ് 10248513-362600+2854039 = 12739952/- രൂപയാണ്.

മേൽ അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3-1 ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം

| വിഭാഗം | | പൊതുവിഭാഗം ജനറൽ | ചെലവ് ശതമാനം | എസ്‌സിപി | ചെലവ് ശതമാനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ചെലവ് ശതമാനം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ചെലവ് ശതമാനം | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം-ഉല്പാദനം | അടങ്കൽ | 3593325 | | 0 | | 0 | | 0 | | 300000 | |
| | ചെലവ് | 1106584 | 31% | 0 | 0 | 0 | 0 | 0 | 0 | 300000 | 100% |
| പൊതുവിഭാഗം-സേവനം | അടങ്കൽ | 14419962 | | 0 | | 8338628 | | 1120000 | | 5831436 | |
| | ചെലവ് | 11033368 | 76.51% | 0 | 0 | 4649663 | 55.76 | 1083661 | 96.75% | 4509852 | 77.33% |
| പൊതുവിഭാഗം-പശ്ചാത്തലം | അടങ്കൽ | 1520600 | | 0 | | 8619007 | | 5179000 | | 300000 | |
| | ചെലവ് | 600000 | 39.45% | 0 | 0 | 7927079 | 92 | 3994786 | 77.13% | 0 | 0% |
| പട്ടികജാതി വിഭാഗം-ഉല്പാദനം | അടങ്കൽ | 0 | | 1316250 | | 0 | | 0 | | 0 | |
| | ചെലവ് | 0 | | 36000 | 3% | 0 | 0 | 0 | | 0 | |
| പട്ടികജാതി വിഭാഗം-സേവനം | അടങ്കൽ | 0 | | 10113551 | | 0 | | 0 | | 7564 | |
| | ചെലവ് | 0 | | 7237596 | 71.56% | 0 | 0 | 0 | | 0 | 0% |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പട്ടികജാതി വിഭാഗം-പശ്ചാത്തലം | അടങ്കൽ | 0 | | 2481828 | | 10000 | | 0 | | 0 | |
| | ചെലവ് | 0 | | 2219089 | 89.41% | 0 | 0 | 0 | | 0 | |

പൊതുവിഭാഗം ഉല്പാദനം, പശ്ചാത്തല മേഖലകളിൽ വികസനഫണ്ട് ചെലവ് യഥാക്രമം 31%, 39% എന്നിങ്ങനെയും പട്ടികജാതി വിഭാഗം സേവന മേഖലയിൽ വികസനഫണ്ട് (SCP) ചെലവ് 3% ഉം പശ്ചാത്തല മേഖലയിൽ ചെലവൊന്നും നടത്തിയിട്ടുമില്ല. മെയിന്റനൻസ് ഫണ്ട് നോൺ റോഡ് പൊതുവിഭാഗം പശ്ചാത്തലം പട്ടികജാതി വിഭാഗം സേവന മേഖലയിൽ ചെലവ് ഒന്നും നടത്തിയിട്ടില്ല.

ഓരോ മേഖലയിലും അതാത് പ്രദേശത്തേയും ജനങ്ങളുടേയും വികസനത്തിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന ഫണ്ടുകൾ ലാപ്സാകാതെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3-2 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും ആവശ്യമായ വകയിരുത്തൽ.

| ക്രമ നം | പ്രത്യേക പദ്ധതി/മേഖല | വകയിരുത്തൽ തുകയുടെ അനുപാതം | അനുബന്ധം 4 പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | പഞ്ചായത്ത് വകയിരുത്തിയ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും മേഖലാവിഭജനത്തിന് ലഭ്യമാകുന്ന തുക | അനുബന്ധം 4 പ്രകാരമുള്ള തുക 14076000 ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച 20% കഴിച്ചുള്ള തുക | 11260800 | 19533887 | 12739952 (ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% ഉൾപ്പെടെയുള്ള ചെലവ്) | 65.21% |
| | എ. വിവിധ മേഖലകൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |
| 2 | ഉത്പാദന മേഖല (ജനറൽ, സാധാരണ വിഹിതം) | അനുബന്ധം 4 പ്രകാരമുള്ള തുക 14076000ന്റെ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി മാറ്റി വച്ച20% കഴിച്ചുള്ള തുകയുടെ 10% | 3378240 | 3593325 | 1106584 | 30.79% |
| 3 | ശുചിത്വ മാലിന്യ സംസ്കരണം, ജല സംരക്ഷണം | അനുബന്ധം 4 പ്രകാരമുള്ള തുക 14076000ന്റെ 15% | **** 2111400 | 11313707 | 3512528 | 31.04% |
| | ബി. പ്രത്യേക പദ്ധതികൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 4. | പാർപ്പിട മേഖലക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | അനുബന്ധം 4 പ്രകാരമുള്ള ജനറൽ, എസ് സി പി തുകകളുടെ 20%(15253000x20%) | 5169200 | 54298905 | 18702860 | 34.44% |
| 5 | പാർപ്പിട മേഖലക്ക് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ 20% (14076000x 20%) | 2815200 | 39448399 | 13981039 | 35.44% |
| 6. | വനിത ഘടക പദ്ധതി | പട്ടിക 3 ക്രമ നം 1 പ്രകാരമുള്ള തുകയുടേയും എസ് സി പി തുകയുടേയും 10% (23030800x 10%) | 2303080 | 2416450 | 85336 | |
| 7 | കുട്ടികൾ ഭിന്നശേഷിയുള്ളവർ,ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | പട്ടിക 3 ക്രമ നം 1 പ്രകാരമുള്ള തുകയുടേയും എസ് സി പി തുകയുടേയും 5% (23030800x 5%) | 1151540 | 1440207 | 707077 | 49% |
| 8. | വയോജനങ്ങൾക്കു വേണ്ടിയുള്ള പദ്ധതി, പാലിയേറ്റീവ് കെയർ ഉൾപ്പെടെ | പട്ടിക 3ക്രമ നം 1 പ്രകാരമുള്ള തുകയുടേയും എസ് സി പി തുകയുടേയും 5% (23030800x 5%) | 1151540 | 1505435 | 1200195 | 79.72% |
| | സി. പശ്ചാത്തല മേഖലക്ക് വകയിരുത്താവുന്ന കൂടിയ തുക | | | | | |
| 9 | ജനറൽ സാധാരണ വിഹിതം-പശ്ചാത്തലം | പട്ടിക 3 ക്രമ നം 1 പ്രകാരമുള്ള തുക 11260800 ന്റെ 30% | 3378240 (വകയിരുത്താവുന്ന കൂടിയ തുക) | 1520600 | 600000 | 39.45% |
| 10 | പട്ടികജാതി ഉപ പദ്ധതി-പശ്ചാത്തലം | പട്ടികജാതി ഉപപദ്ധതിയുടെ 30% (11770000x30%) | 3531000 (വകയിരുത്താവുന്ന കൂടിയ തുക) | 2481828 | 2219089 | 89.41% |
| 11 | പട്ടികജാതി ഉപ പദ്ധതി-പശ്ചാത്തലം- | പട്ടികവർഗ്ഗ ഉപപദ്ധതിയുടെ 30% | 0 | 0 | 0 | 0 |

അനിവാര്യ പരിപാടികൾക്ക് വികസനഫണ്ടിൽ നിന്നുള്ള വകയിരുത്തൽ.

| ക്രമ നം | പദ്ധതി | ഫണ്ട് - വികസനഫണ്ട് വകയിരുത്തൽ | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1. | അങ്കനവാടി പോഷകാഹാര വിതരണം | 1635250 | 1632203 | 99.81% |
| 2 | എസ് എസ് എ | 902389 | 902389 | 100% |
| 3 | പാലിയേറ്റീവ് കെയർ | 1759818 | 1719807 | 97.72% |
| 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 1150400 | 1139400 | 99.04% |
| 5. | പി എം എ വൈ ക്ക് അധിക വിഹിതം | 0 | 0 | 0 |
| 6. | ആശ്രയ പ്രോജക്റ്റ് | 600000 | 0 | 0% |
| 7 | ഐ കെ എം വിഹിതം | 95465 | 95465 | 100% |

## 1-4 പദ്ധതി അവലോകനം

### എ) പദ്ധതി നിർവ്വഹണം

2020-21 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | നടപ്പാക്കിയ ശതമാനം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | | | | |
| I | കൃഷി ഓഫീസർ | 8 | 5 | 3 | 63 | 3738025 | 15833326 | 42 |
| Ii | വെറ്റിനറി സർജൻ | 7 | 4 | 3 | 57 | 2771450 | 441000 | 16 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 5 | 5 | 0 | 100 | 2243318 | 2200644 | 98 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 0 | 100 | 200000 | 196215 | 98 |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 3 | 0 | 100 | 906000 | 906000 | 100 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 5 | 2 | 71 | 27062360 | 8569000 | 32 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6 | 1 | 86 | 5502261 | 5128779 | 93 |
| Viii | സെക്രട്ടറി | 27 | 23 | 4 | 85 | 15138995 | 13824623 | 91 |
| Ix | വില്ലേജ് എക്സ്റ്റൻഷൻ | 7 | 4 | 3 | 57 | 8940004 | 3654919 | 41 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഓഫീസർ | | | | | | | |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 77 | 61 | 16 | 79 | 25359091 | 18088017 | 71 |
| Xi | എച്ച്.എം. | 3 | 1 | 2 | 33 | 700107 | 200107 | 29 |
| Xii | ഡയറിഫാം ഇൻസ്പെക്ടർ | 2 | 2 | 0 | 100 | 1261248 | 955723 | 76 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 11 | 8 | 3 | 72 | 7732830 | 4299974 | 56 |
| ആകെ | | 165 | 128 | 37 | 78 | 101555689 | 60048327 | 59 |

1)ആകെ വകയിരുത്തിയതിന്റെ 59 ശതമാനം മാത്രമാണ് ചെലവഴിച്ചത്. ആകെ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 78% നടപ്പാക്കിയിട്ടുണ്ട്.

2)വെറ്റിനറി സർജൻ തൻവർഷം നടപ്പാക്കുന്നതിനായി അംഗീകാരം വാങ്ങിയ 7 പ്രോജക്ടുകളിൽ 4 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ഫണ്ട് വിനിയോഗം 16% മാത്രമാണ്.

3)തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| I | S0173/21 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ – സാധനസാമഗ്രികൾ വാങ്ങൽ | സെക്രട്ടറി |
| Ii | S0182/21 | അംഗനവാടികളിൽ ബേബി ഫ്രണ്ട്ലി ടോയ് ലറ്റ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| Iii | S0168/21 | പാഥേയം - ജനറൽ | അസിസ്റ്റന്റ് സെക്രട്ടറി |
| Iv | S0169/21 | പാഥേയം - എസ്.സി.പി. | അസിസ്റ്റന്റ് സെക്രട്ടറി |

പ്രസ്തുത പ്രോജക്ടുകളിൽ വകയിരുത്തിയ വിവിധ ഫണ്ടുകൾ ലഭ്യമാകാതിരുന്നതാണ് നടപ്പാക്കാൻ കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 01/07.03.2022-ന്റെ മറുപടി). അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വിവിധ വികസന പദ്ധതികൾക്കായി ലഭ്യമാകുന്ന പദ്ധതി വിഹിതത്തിന്റെ ഫണ്ട് വിനിയോഗം പൂർണമായും ഫലപ്രദമായും നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ബി) പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

I)2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി, ഭരണസമിതി തീരുമാനം നമ്പർ 3(4)/16.12.2019 പ്രകാരം ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

Ii)ആസൂത്രണ സമിതിയുടെ മിനിട്സ് പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് സംയുക്ത യോഗം 24.01.2019-ൽ നടന്നതിൽ, ജനപ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യോഗത്തിലെ ചർച്ച മിനിട്സ് ചെയ്തിട്ടില്ല.

വികസന സെമിനാർ

2020-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച വികസന സെമിനാറിൽ 239 പേർ പങ്കെടുത്തു. തീയതി

രേഖപ്പെടുത്താത്ത പ്രസ്തുത യോഗത്തിൽ 161 പ്രോജക്ടുകളുടെ പേരും അടങ്കലും ഉൾപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്തിട്ടുണ്ട്. ചർച്ചയുടെ വിശദാംശങ്ങൾ മിനിട്സ് ചെയ്യാത്തതിനാൽ വികസന സെമിനാർ ക്രിയാത്മകമായിരുന്നോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്. മിക്ക വർക്കിംഗ് ഗ്രൂപ്പുകളും 24.12.2019-ലെ യോഗം മാത്രമാണ് മിനിട്സ് ചെയ്തിട്ടുള്ളത്.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 07/ 08.03.2022-ന്റെ മറുപടി). ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| I | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 24.12.2019 | ജാഗ്രത സമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക |
| Ii | കുടിവെള്ളം ശുചിത്വം | 15.02.2020 | അങ്കണവാടികളിലെ കുടിവെള്ള ലഭ്യത കുറവ് പരിഹരിക്കുന്നതിനുള്ള സംവിധാനം |

സ്റ്റാറ്റസ് റിപ്പോർട്ട്

പ്രോജക്ട് രൂപീകരണത്തിന്റെ അടിസ്ഥാന രേഖയായ സ്റ്റാറ്റസ് റിപ്പോർട്ട് ശരിയായ രീതിയിലല്ല തയ്യാറാക്കിയതെന്ന് സെക്രട്ടറി വിവിധ ഓഡിറ്റ് എൻക്വയറികൾക്ക് ലഭ്യമാക്കിയ മറുപടി സൂചിപ്പിക്കുന്നു. മൃഗസംരക്ഷണം, ക്ഷീര വികസനം വർക്കിംഗ് ഗ്രൂപ്പ് സ്റ്റാറ്റസ് റിപ്പോർട്ട് ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിട്ടുള്ളത് എന്നത് വ്യക്തമല്ലായെന്നും വെറുതെ കണക്ക് രേഖപ്പെടുത്തിയിട്ടുള്ളതാണെന്ന് അനുമാനിക്കുന്നുവെന്നും ഓഡിറ്റ് എൻക്വയറി നമ്പർ 10/15.03.2022ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്വകാര്യഫാമിന്റെ കാര്യത്തിലും (ഓഡിറ്റ് എൻക്വയറി നമ്പർ 11/15.03.2022) മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് തെറ്റാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രശ്നങ്ങളിൽ ക്രമ നമ്പർ Iv ഒഴികെയുള്ളവയ്ക്ക് പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതായി അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | പൊതുഭരണവും ധനകാര്യവും | ഗുരുതരം | നികുതി പിരിവ് ഊർജ്ജിതമല്ല |
| Ii | കൃഷി | ഗുരുതരം | ജല ദൌർലഭ്യം |
| Iii | മൃഗ സംരക്ഷണവും ക്ഷീര വികസനവും | അതീവ ഗുരുതരം | ഉല്പാദന ചെലവ് കൂടുതൽ |
| | | അതീവ ഗുരുതരം | മേഖല വിട്ടുപോകുന്ന കർഷകർ |
| | | അതീവ ഗുരുതരം | രോഗങ്ങൾ മൂലം നാശനഷ്ടം |
| Iv | സാമൂഹ്യ നീതി | അതീവ ഗുരുതരം | അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം |

| | | | |
|---|---|---|---|
| V | പട്ടികജാതി വികസനം | അതീവ ഗുരുതരം | 12നും 18നും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികൾ (ആൺകുട്ടികൾ) മദ്യത്തിനും മറ്റ് ലഹരി ഉപയോഗങ്ങൾക്കും അടിമകളാകുന്നു. |
| | | അതീവ ഗുരുതരം | കുടിവെള്ള സൌകര്യം |

പദ്ധതി ആസൂത്രണം, നടപ്പാക്കൽ എന്നിവയിൽ കൃത്യമായും സമയബന്ധിതമായും ഇടപെടലുകൾ, മോണിറ്ററിംഗ് എന്നിവ ഉണ്ടാകേണ്ടതുണ്ട്.

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69720 | 100 |
| കർഷകതൊഴിലാളി പെൻഷൻ | 1297200 | 91 |
| വിധവ പെൻഷൻ | 16140300 | 1126 |
| വാർദ്ധക്യകാലപെൻഷൻ | 34538400 | 2508 |
| വികലാംഗപെൻഷൻ | 4902600 | 340 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 220700 | 15 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| റഹിനാബീവി | 102680200595 | വാർദ്ധക്യകാലം | 31.12.19 | സസ്പെൻഡ് | 01/20 മുതൽ 03/20-1200 X 3 = 3600<br>04/20 മുതൽ 08/20- 1300 X 5= 6500<br>09/20- 1400 | 11500 |
| അശോകൻ | 102680400329 | വികലാംഗ പെൻഷൻ | 13.01.20 | സസ്പെൻഡ് | 02/20 മുതൽ 03/20-1200 X 2 = 2400<br>04/20 മുതൽ 8/20- 1300 X5= 6500<br>09/20 മുതൽ 11/20 -1400x | 13100 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 3=4200 | |
| മാധവൻ നായർ | 102680201604 | വാർദ്ധക്യകാലം | 11.01.20 | സസ്പെൻഡ് | 02/20 മുതൽ 03/20-1200 X 2 = 2400<br>04/20 മുതൽ 8/20- 1300 X 6= 7800 | 10200 |
| അബ്ദുൾ റഷീദ് | 102680201532 | വാർദ്ധക്യകാലം | 17.01.20 | സസ്പെൻഡ് | 02/20 മുതൽ 03/20-1200 X 2 = 2400<br>04/20 മുതൽ 8/20- 1300 X 5= 6500<br>09/20 മുതൽ 11/20- 1400 X 3= 4200 | 13100 |
| ലൈലാബീവി | 102680201549 | വാർദ്ധക്യകാലം | 03.02.20 | സസ്പെൻഡ് | 03/20-1200<br>04/20 മുതൽ 8/20- 1300 X 5= 6500<br>09/20 മുതൽ 11/20- 1400 X 3= 4200 | 11900 |
| എം.താഹ | 102680202652 | വാർദ്ധക്യകാലം | 22.02.20 | സസ്പെൻഡ് | 03/20-1200<br>04/20-1300 | 2500 |
| ആബിദാബീവി | 102680600949 | വിധവ | 01.03.20 | സസ്പെൻഡ് | 04/20-1300 | 1300 |
| സീനത്ത്.എ | 102680600615 | വിധവ | 07.03.20 | സസ്പെൻഡ് | 04/20-1300 | 1300 |
| സുമതിയമ്മ | 102370600560 | വിധവ | 19.03.20 | സസ്പെൻഡ് | നഗരൂർ ഗ്രാമപഞ്ചായത്ത്.<br>മരണവിവരം നഗരൂർ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| മുഹമ്മദ് ഹനീഫ | 102680200980 | വാർദ്ധക്യകാലം | 16.03.20 | സസ്പെൻഡ് | 04/20 മുതൽ 8/20- 1300 X 5= 6500<br>09/20 മുതൽ 11/20- 1400 X 3= 4200 | 10700 |
| നജീം | 102680201799 | വാർദ്ധക്യകാലം | 21.03.20 | സസ്പെൻഡ് | 04/20 മുതൽ 8/20- 1300 X 5= 6500<br>09/20 മുതൽ 11/20- 1400 X 3= 4200 | 10700 |
| കമലമ്മ.കെ | 102680100277 | കർഷക തൊഴിലാളി | 24.02.20 | സസ്പെൻഡ് | 03/20-1200<br>04/20 മുതൽ 8/20- 1300 X 5= 6500<br>09/20 മുതൽ 11/20- 1400 X 3= 4200 | 11900 |
| ആർ. ഗോപിനാഥൻ | 102680201019 | വാർദ്ധക്യകാലം | 20.05.20 | ആക്ടീവ് | 06/20 മുതൽ 8/20- 1300 X 3= 3900<br>09/20 മുതൽ | |
| പ്രഭാകരൻ പിള്ള | 102680200876 | വാർദ്ധക്യകാലം | 13.05.20 | സസ്പെൻഡ് | 06/20 മുതൽ 8/20- 1300 X 3= 3900<br>09/20 മുതൽ 11/20- 1400 X 3= 4200 | 8100 |
| നബീസ | 102420201642 | വാർദ്ധക്യകാലം | 10.05.20 | ആക്ടീവ് | വക്കം ഗ്രാമപഞ്ചായത്ത്.<br>മരണവിവരം വക്കം ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| കമലാക്ഷിയമ്മ | 102680200229 | വാർദ്ധക്യകാലം | 22.06.20 | സസ്പെൻഡ് | 07/20 മുതൽ 8/20- 1300 X 2= 2600<br>09/20 മുതൽ 11/20- 1400 X 3= 4200 | 6800 |
| ലത്തീഫാബീവി | 102680601142 | വിധവ | 27.08.20 | സസ്പെൻഡ് | 09/20 മുതൽ 11/20- 1400 X 3= 4200 | 4200 |
| ബാലകൃഷ്ണൻ | 102680201405 | വാർദ്ധക്യകാലം | 18.08.20 | സസ്പെൻഡ് | 09/20 മുതൽ 11/20- 1400 X 3= 4200 | 4200 |
| അബിദാബീവി | 102690200585 | വാർദ്ധക്യകാലം | 17.09.20 | സസ്പെൻഡ് | 10/20 മുതൽ 12/20- 1400 X 3= 4200 | 4200 |
| അപ്പുക്കു ട്ടൻ നായർ | 102680200480 | വാർദ്ധക്യകാലം | 25.08.20 | ആക്ടീവ് | 09/20 മുതൽ 12/20- 1400 X 4= 5600<br>01/21 മുതൽ 03/21-1500x3= 4500<br>04/21 മുതൽ 02/22- 1600x11= 17600 | 27700 |
| ചന്ദ്രികാദേവി | 102680400029 | വികലാംഗ പെൻഷൻ | 26.08.20 | ആക്ടീവ് | 09/20 മുതൽ 12/20- 1400 X 4= 5600<br>01/21 മുതൽ 03/21-1500x3= 4500<br>04/21 മുതൽ 02/22- 1600x11= 17600 | 27700 |
| പി.ആർ. പ്രേമചന്ദ്രൻ | 102680202673 | വാർദ്ധക്യകാലം | 12.10.20 | ആക്ടീവ് | 11/20 മുതൽ 12/20- 1400 X 2= 2800 | 21700 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 01/21 മുതൽ 03/21-1500x3= 4500<br>04/21 മുതൽ 12/21- 1600x9= 14400 | |
| ലൈലാബീവി | 102710601213 | വാർദ്ധക്യകാലം | 07.11.19 | ആക്ടീവ് | മംഗലപുരം ഗ്രാമപഞ്ചായത്ത്.<br>മരണവിവരം മംഗലപുരം ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| മുഹമ്മദലി | 102680200826 | വാർദ്ധക്യകാലം | 10.10.20 | സസ്പെൻഡ് | 11/20 മുതൽ 12/20- 1400 X 2= 2800<br>01/21 മുതൽ 03/21-1500x3= 4500<br>04/21 മുതൽ 01/22- 1600x10= 16000 | 23300 |
| അബ്ദുൾ ഖാദർ | 102680202480 | വാർദ്ധക്യകാലം | 22.10.20 | സസ്പെൻഡ് | 11/20-1400 | 1400 |
| സരോജിനി | 102680600545 | വിധവ | 11.10.20 | ആക്ടീവ് | 11/20 മുതൽ 12/20- 1400 X 2= 2800<br>01/21 മുതൽ 03/21-1500x3= 4500<br>04/21 മുതൽ 02/22- 1600x11= 17600 | 24900 |
| ഹബ്സാബീവി | 102680201292 | വാർദ്ധക്യകാലം | 14.12.20 | ആക്ടീവ് | 01/21 മുതൽ 03/21-1500x3= 4500<br>04/21 മുതൽ 02/22- 1600x11= 17600 | 22100 |
| നബീസാബീവി | 102690204855 | വാർദ്ധക്യകാലം | 12.12.20 | ആക്ടീവ് | കഠിനംകുളം പഞ്ചായത്ത്.<br>മരണവിവരം കഠിനംകുളം ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| കൊച്ചുചെറുക്കൻ | 102680100221 | കർഷക തൊഴിലാളി | 06.12.20 | ആക്ടീവ് | 01/21 മുതൽ 03/21-1500x3= 4500<br>04/21 മുതൽ 02/22- 1600x11= 17600 | 22100 |
| അബ്ദുൾ സമദ് | 102680202354 | വാർദ്ധക്യകാലം | 26.12.20 | ആക്ടീവ് | 01/21 മുതൽ 03/21- 1500x3= 4500<br>04/21 മുതൽ 02/22- 1600x11= 17600 | 22100 |
| ബഷീർ | 102680202362 | വാർദ്ധക്യകാലം | 13.01.21 | ആക്ടീവ് | 02/21-1500 | 1500 |
| ഫാത്തിമാബീവി | 102680600681 | വാർദ്ധക്യകാലം | 13.01.21 | ആക്ടീവ് | 02/21 മുതൽ 03/21-1500x2= 3000<br>04/21 മുതൽ 02/22- 1600x11= 17600 | 20600 |
| സരസ്വതി | 102680200330 | വാർദ്ധക്യകാലം | 24.01.21 | സസ്പെൻഡ് | 02/21 മുതൽ 03/21-1500x2= 3000<br>04/21 മുതൽ 10/21- 1600x7= 11200 | 14200 |
| അബ്ദുൾ സലീം | 102680202892 | വാർദ്ധക്യകാലം | 09.03.21 | ആക്ടീവ് | 04/21 മുതൽ 8/21- 1600x5= 8000 | 8000 |
| | | | | | ആകെ | 3,63,000 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 33/14.03.20 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മരണശേഷവും പെൻഷൻ നൽകി വന്നിരുന്ന ആക്ടീവ് ഗുണഭോക്താക്കളെ ഇപ്പോൾ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും അധികമായി അനുവദിച്ചിട്ടുള്ള തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത നടപടികളോടൊപ്പം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതുമാണ്. അധികമായി നൽകിയ തുകയുടെ തിരിച്ചടവ് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-5-2 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി.

ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. അതു പ്രകാരം അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഒടുക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പിപിഒ നമ്പർ | പെൻഷൻ ഐ ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ചന്ദ്രിക അമ്മ.കെ | ലഭ്യമല്ല | 102680200338 | 72400 |
| 2 | തൽഹത്തുകോയ.എം | ലഭ്യമല്ല | 102680201196 | 68800 |

| | | | | |
|---|---|---|---|---|
| 3 | ഇന്ദിര അമ്മ | ലഭ്യമല്ല | 102680201471 | 60400 |
| 4 | നബീസാബീവി | ലഭ്യമല്ല | 102680201510 | 60400 |
| 5 | ഓമന അമ്മ.കെ | ലഭ്യമല്ല | 102680202274 | 43600 |
| 6 | സുമംഗല ദേവി | ലഭ്യമല്ല | 102680400018 | 131900 |
| 7 | ഉഷാകുമാരി.കെ | ലഭ്യമല്ല | 102680600882 | 30200 |

സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 32/14.03.22ന് ലഭ്യമാക്കിയ മറുപടി പ്രകാരം തുക തിരികെ ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും അതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും അറിയിച്ചിരിക്കുന്നു. ട്രഷറിയുമായി ബന്ധപ്പെട്ട് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2022, 10.30 AM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 83768/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. 23.12.2020ലെ ഓഫീസ് മീറ്റിംഗ് മിനിട്സ് ചെയ്തിട്ടുണ്ട്. 06.11.2020, 15.06.2020, 28.01.2021, 05.03.2021 എന്നീ തീയതികളിലെ മീറ്റിംഗ് അറിയിപ്പ് മാത്രമാണ് ഓഫീസ് മീറ്റിംഗ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. ഓഫീസ് ഓർഡർ നമ്പർ 01/2020 തീയതി 01.01.2020 ക്രമനമ്പർ 65 പ്രകാരം പൌരാവകാശരേഖ ഓരോ വർഷവും പുതുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തി പൌരാവകാശരേഖ അച്ചടിച്ച് ജനങ്ങൾക്ക് സൌജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2020ലെ പൌരാവകാശരേഖയായി ഒരു കമ്പ്യൂട്ടർ ജനറേറ്റഡ് പകർപ്പാണ് ലഭ്യമാക്കിയിട്ടുള്ളത്. 2020 വർഷം പൌരാവകാശരേഖ പുതുക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല.

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 37/14.03.2022) മറുപടി ലഭ്യമാക്കിയില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)ട്രഷറി TSB അക്കൌണ്ടിലെ 1691569/-രൂപയുടെ കുറവ് കണ്ടെത്താൻ കൂടുതൽ അന്വേഷണം ആവശ്യമാണ്.

5) മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയതായും സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയതായും കണ്ടെത്തിയിട്ടുണ്ട്.

6)വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ പരിഹരിക്കേണ്ടതുണ്ട്.

7) ഗ്രാമപഞ്ചായത്തിലേക്കുള്ള കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി കെൽട്രോണിന് തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും പ്രിന്ററുകൾ ലഭ്യമായിട്ടില്ല.

8)കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ഹരിതഭവനം പ്രോജക്ട് ഭാഗികമായാണ് നടപ്പാക്കിയിട്ടുള്ളത്.

9)ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് പുതുക്കുന്നത്, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപുള്ള സ്ഥലപരിശോധനയുടെ ആവശ്യകത വ്യക്തമാക്കുന്നു.

10) പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് വിതരണം ചെയ്തത് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

## 1-8 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വിശദാംശങ്ങൾ.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 585546 | 1695336 | 2280882 | 2278000 | 2882 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 48048814 | 48048814 | 48048814 | 0 |
| ആകെ | 585546 | 49744150 | 50329696 | 50326814 | 2882 |

2020- 2021 സാമ്പത്തികവർഷത്തെ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (അവലംബം – ഓഡിറ്റ് എൻക്വയറി നമ്പർ 23/11.03.22-ന്റെ മറുപടി).

| | |
|---|---|
| 2020-21 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 4940 |
| 2020-21 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 2018 |
| 2020-21 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംമ്പങ്ങളുടെ എണ്ണം | 2078 |
| 100 ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 830 |
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 282 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 260 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 18 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 18 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 327 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 327 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 123 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 147846 |
| ലേബർ കംമ്പോണന്റ് | 49733818 |

### 1-8-1 MGNREGS വ്യക്തിഗത ആനുകൂല്യം - ഗ്രാമസഭ അംഗീകരിച്ചില്ല.

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 വർഷം ആകെ 327 പ്രവൃത്തികൾ ചെയ്തതിൽ 145 എണ്ണവും വ്യക്തിഗത

ആനുകൂല്യങ്ങൾ നല്കുന്നതിനു വേണ്ടിയുള്ളതാണ്. ആട്ടിൻകൂട് നിർമ്മാണം, സോക്ക്പിറ്റ് നിർമ്മാണം, കിണർ നിർമ്മാണം, കോഴിക്കൂട് നിർമ്മാണം, തൊഴുത്ത് നിർമ്മാണം, കിണർ റീചാർജിംഗ്, കക്കൂസ് നിർമ്മാണം തുടങ്ങിയ വിവിധ ഇനം പ്രവൃത്തികളാണ് വ്യക്തികൾക്കായി നടപ്പാക്കിയിട്ടുള്ളത്. വ്യക്തിഗത ആനുകൂല്യത്തിന് അർഹതയുള്ളവരെ പദ്ധതി രൂപീകരിച്ച് അംഗീകരിച്ച് ആനുകൂല്യം നല്കുന്നതിന് മുൻപ് ഗ്രാമസഭയിൽ തെരഞ്ഞെടുക്കേണ്ടതാണ്. കൂടാതെ, MGNREG Act 2005 ഖണ്ഡിക 6.1.10 പ്രകാരം ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി തയ്യാറാക്കപ്പെട്ട പ്രവൃത്തികൾ, അവയുടെ തുടർ നടപടി ക്രമങ്ങൾ എന്നിവ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കണം. മേൽ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 48/16.03.22 ന് ലഭ്യമാക്കിയ മറുപടിയിൽ 145 പ്രവൃത്തികൾ, ഗുണഭോക്താക്കൾ എന്നിവർക്കുള്ള കമ്മിറ്റി തീരുമാനം ഉണ്ടെന്നും കോവിഡ് നിയന്ത്രണങ്ങൾ ഉള്ളതിനാൽ ഗ്രാമസഭ കൂടിയിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. വ്യക്തിഗത ആനുകൂല്യത്തിന് അർഹതയുള്ളവരെ ഗ്രാമസഭയിൽ തെരഞ്ഞെടുക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.07.2019 | 2018-19 | 24.07.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.03.2017 | 2011-12 മുതൽ 2015-16 വരെ | 10.04.2017 |

## 1-10 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

2021-22 വർഷം പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുള്ള രസീത് ബുക്കുകൾ പരിശോധിച്ചതിൽ നിന്നുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) ഒരു രസീത് ബുക്ക് ഉപയോഗിച്ചു തീരുന്നതിനു മുൻപായി അടുത്തത് ഉപയോഗിച്ചു.

ശാന്തിനി.ആർ, ക്ലാർക്കിന് 2021-22 കാലയളവിലേയ്ക്ക് 13631-ാം നമ്പർ രസീത് ബുക്ക് അനുവദിക്കുകയും 20.04.21 മുതൽ പ്രസ്തുത ബുക്ക് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ രസീത് നമ്പർ 7 വരെ മാത്രം ഉപയോഗിച്ചതിനു ശേഷം ബാക്കിയുള്ള 8 മുതൽ 100 വരെയുള്ള രസീതുകൾ ഉപയോഗിക്കാതെ കീറിയിരിക്കുന്നു. പിന്നീട് 7.10.20 ന് 20260 -ാം നമ്പർ രസീത് ബുക്ക് അനുവദിക്കുകയും തുടർന്ന് അത് ഉപയോഗിക്കുകയും ചെയ്തു.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 34/14.03.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അറിവില്ലായ്മ മൂലമാണ് രസീത് ബുക്ക് സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് തന്നെ കീറിയതെന്നും മേലിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

ബി) ചെക്ക് ട്രഷറിയിൽ സമർപ്പിച്ചതിൽ കാലതാമസം.

ചെക്ക് മുഖേന തൊഴിൽ നികുതിയിനത്തിൽ 28.09.20 ൽ വരവ് വന്ന ആകെ തുകയായ 73,750/- രൂപയും 30.09.20 ൽ വരവ് വന്ന 9300/- രൂപയും ബാങ്കിൽ സമർപ്പിച്ചിട്ടുള്ളത് 08.10.20 നാണ്.

കാലതാമസം നേരിട്ടതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 36/14.03.2022 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ചെക്ക് നൽകിയ സ്ഥാപനങ്ങളിൽ നിന്നും BIMS ൽ ചെയ്ത് സമർപ്പിക്കാത്തതിനാലാണ് കാലതാമസം നേരിട്ടത് എന്ന് അറിയിച്ചിരിക്കുന്നു. ഭാവിയിൽ, യഥാസമയം ചെക്ക് ട്രഷറിയിൽ സമർപ്പിച്ച് വരവ് വെയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സി) വരവ് തുക ഒടുക്കുന്നതിൽ കാലതാമസം.

2021-22 വർഷം പഞ്ചായത്ത് കളക്ഷൻ സ്റ്റാഫ് ആയ ശ്രീമതി അശ്വതിയ്ക്ക് വിതരണം ചെയ്തിട്ടുള്ള 20265 -ാം നമ്പർ രസീത് ബുക്കിലെ രസീത് നമ്പർ 90 മുതൽ 100 വരെയുള്ള രസീതുകൾ പ്രകാരം 7.02.22 ൽ കളക്ട് ചെയ്ത ആകെ 2750/- രൂപ പഞ്ചായത്തിൽ യഥാസമയം ഒടുക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 54/16.03.2022 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വന്നതിനാൽ ഫ്രണ്ട് ഓഫീസിൽ മേൽ രസീതുകൾ പോസ്റ്റ് ചെയ്യാൻ സാധിച്ചില്ലെന്ന് അറിയിച്ചിരിക്കുന്നു. ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ മേൽ തുക ഫ്രണ്ട് ഓഫീസിൽ രസീത് ഹെഡ് കണക്കാക്കി 16.03.22 ന് ഒടുക്കിയതിന്റെ രേഖ ഹാജരാക്കിയിട്ടുണ്ട്. ഐ.കെ.എം പ്രശ്നം പരിഹരിച്ചു തരുന്ന മുറയ്ക്ക് പോസ്റ്റിംഗ് പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിലെ അപാകതകൾ പരിഹരിച്ച് പ്രസ്തുത വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡി) വിഇഒ - ഗുണഭോക്തൃ വിഹിതമായി ലഭിച്ച തുക ഒടുക്കിയിട്ടില്ല.

Kitchen Bin Compost പ്രോജക്ടിനു വേണ്ടി ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി 17.12.2021 ന് വിഇഒയ്ക്ക് വിതരണം ചെയ്ത 20258 -ാം നമ്പർ രസീത് ബുക്കിലെ രസീത് നമ്പർ 1 മുതൽ 33 വരെയുള്ള രസീത് പ്രകാരം ലഭിച്ച ആകെ 5940/- രൂപ (33 X 180 ) പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. (രസീത് ബുക്ക് പരിശോധിച്ചതിൽ നിന്നുള്ള മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു).
സാമ്പത്തിക അച്ചടക്കമില്ലായ്മയിലേക്ക് നയിക്കുന്ന ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതാണ്. തുകയുടെ ക്രമീകരണം സംബന്ധിച്ച

റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

1. നൽകിയിട്ടുള്ള രസീതുകളിൽ ഒന്നിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

2. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 90 (എ) പ്രകാരം രസീതിന്റെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം ഒടുക്കുന്ന ആളിന് നൽകേണ്ടതുമാണ്. എന്നാൽ രസീത് ബുക്കിൽ രസീത് നമ്പർ 4 മുതൽ 11 വരെ, 13 മുതൽ 17 വരെ, 19, 21, 26 മുതൽ 28 വരെ, 30 മുതൽ 33 വരെ എന്നിവയുടെ ഡ്യൂപ്ലിക്കേറ്റാണ് സൂക്ഷിച്ചിട്ടുള്ളത്. അസ്സൽ തുക ഒടുക്കിയ ആളിന് നൽകിയിട്ടുള്ളതായി കാണുന്നു. കൂടാതെ രസീത് നമ്പർ 12, 18, 20, 22 മുതൽ 25 വരെ, 29 എന്നിവയുടെ അസ്സൽ, ഡ്യൂപ്ലിക്കേറ്റ് എന്നിവ സൂക്ഷിച്ചിരിക്കുന്നു. അതായത് തുക ഒടുക്കിയ ആളിന് രസീത് നൽകിയിട്ടില്ല.

3. ഒരു രസീതിലും തുക കളക്ട് ചെയ്ത ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

4. ഡെയ്‌ലി കളക്ഷൻ രജിസ്റ്റർ പരിപാലിക്കുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 35/14.03.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അറിവില്ലായ്മ മൂലമാണ് അസ്സൽ രസീത് തുക ഒടുക്കിയ ആളിന് തെറ്റായി നൽകിയിട്ടുള്ളതെന്നും അവ തിരികെ വാങ്ങി ഡ്യൂപ്ലിക്കേറ്റ് നൽകുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ കൈവശം സൂക്ഷിക്കുന്ന തുക എത്രയും പെട്ടെന്ന് തന്നെ ഒടുക്കി രസീത് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതും ഡെയ്‌ലി കളക്ഷൻ രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

## 1-11 കെട്ടിടനിർമ്മാണ പെർമിറ്റ്/ക്രമവൽക്കരണം - അപാകതകൾ

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ക്രമവൽക്കരണ രജിസ്റ്റർ, ബന്ധപ്പെട്ട ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. പെർമിറ്റ് രജിസ്റ്റർ പൂർണമല്ല.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പെർമിറ്റ് പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടോയെന്നും പെർമിറ്റ് കാലാവധി പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ കഴിയുന്നില്ല. കൂടാതെ പെർമിറ്റ് ഫീസ് സംബന്ധിച്ച രേഖപ്പെടുത്തലുകളും പൂർണമല്ല.

2. കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സംബന്ധിച്ച് അനുബന്ധം - J ഫോറത്തിലുള്ള ക്രമവൽക്കരണ രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിക്കുന്നുണ്ടെങ്കിലും പൂർണമല്ല. ക്രമവൽക്കരണത്തിനുള്ള അനുമതി സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. ക്രമവൽക്കരണം സംബന്ധിച്ച എല്ലാ അപേക്ഷകളുടെ വിവരവും ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത രജിസ്റ്ററിൽ ചേർക്കാത്തവയുടെ വിവരം പെർമിറ്റ് രജിസ്റ്ററിലാണ് ഉള്ളത്.

3. പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി എഴുതി തയ്യാറാക്കിയിട്ടില്ല.

4. ഫയൽ പരിശോധനയിലെ അപാകതകൾ

എ) ക്രമവല്കരണ ഫയൽ നം. A3/3883/20 – A.E യുടെ വെരിഫിക്കേഷൻ റിപ്പോർട്ട് പൂർണമല്ല. കൂടാതെ വെരിഫിക്കേഷൻ റിപ്പോർട്ടിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

ബി) ക്രമവല്കരണ ഫയൽ നം. A3/4698/20 – കാർഷിക ആവശ്യത്തിനുള്ള പമ്പ് ഹൗസ് നിർമ്മാണം ക്രമവൽക്കരിച്ച് നമ്പറിംഗ് നൽകുന്നതിനുള്ള ഫയലിൽ നികുതി ഒഴിവാക്കി നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ നികുതി ഒഴിവാക്കി നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല. നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 49/16.03.22 ന് മറുപടി ലഭ്യമാക്കിയില്ല. പെർമിറ്റ് /ക്രമവത്കരണ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൂർണമാക്കേണ്ടതും ഫയൽ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ കൃത്യത പാലിക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി - അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നികുതി നിർണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.
1) അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.

എ) ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 1 മുതൽ 5 വരെയുള്ള വാർഡുകൾ മാത്രം പരിശോധിച്ചതിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 1/22 | ഇബ്രാഹിം കുഞ്ഞ്, ബംഗ്ലാവിൽ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 1/189 | രാധമ്മ, കുന്നിൽ പുത്തൻ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 1/208 | ഷാജഹാൻ, റഷീദ, ചാലയ്ക്കൽ ഹൗസ് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 1/221 | ജയന്തി, അപ്പോളോകോളനി | 2014 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 1/230 | ബേബി, അപ്പോളോകോളനി | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 1/246 | അരവിന്ദാക്ഷൻ.കെ, കൃഷ്ണഭവൻ | 2014 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 1/247 | കമലമ്മ, അപ്പോളോകോളനി | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 8 | 1/257 | എൻ.ശാരദ, ശ്രീപാദം കോളനി | 2014ഒന്നാം അർദ്ധ വർഷം മുതൽ |
| 9 | 1/261 | എ.മണിയൻ, പ്രേമ, അപ്പോളോ കോളനി | 2014 ഒന്നാം അർദ്ധ വർഷം മുതൽ |
| 10 | 1/270 | കെ.ദിവാകരൻ, രാഗിണി, ദീപിക | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 11 | 1/272 | ബിന്ദു, രജനി, അപ്പോളോകോളനി | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 12 | 1/278 | അബ്ദുൾ കരീം, സർജു മൻസിൽ | 2014ഒന്നാം അർദ്ധ വർഷം മുതൽ |
| 13 | 1/281 | രാജേഷ്, കുന്നിൽ വീട് | 2014രണ്ടാം അർദ്ധ വർഷം മുതൽ |
| 14 | 1/325 | മല്ലിക.എസ്, അപ്പോളോകോളനി | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 15 | 2/95 | ബഷീർ, തോണിക്കടവ് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 16 | 2/147 | സുകുമാരി അമ്മ, പുളിക്കം വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 17 | 2/155 | മുഹമ്മദ് ഇക്ബാൽ, സജ്ജർ മൻസിൽ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 18 | 2/177 | സലാഹുദ്ദീൻ, ഷീബ, അൻസാർ മൻസിൽ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 19 | 2/376 | രാജേന്ദ്രൻ, പുതുവൽ പുത്തൻവീട് | 2014ഒന്നാം അർദ്ധ വർഷം മുതൽ |
| 20 | 2/408 | ഷൗക്കത്ത്, പുതുവൽ പുത്തൻ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 21 | 2/441 | ലളിത, ആനതാഴ്ചിറ ലക്ഷം വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 22 | 2/442 | നാരായണി, ആനതാഴ്ചിറ ലക്ഷം വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 23 | 2/443 | വസന്ത, ആനതാഴ്ചിറ ലക്ഷം വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 24 | 2/447 | അനു.എൻ, ആനതാഴ്ചിറ ലക്ഷം വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 25 | 2/465 | ബാബു.സി, ആനതാഴ്ചിറ | 2013രണ്ടാം അർദ്ധ വർഷം മുതൽ |
| 26 | 2/478 | ദാസൻ, ഡെയ്സി, ഡി.എസ് ഭവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 27 | 2/529 | കണ്ണൻ.എസ്, ഗംഗ, ശിവം | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 28 | 3/51 | നവാസ്, പുതുമംഗലത്തു വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 29 | 3/129 | ഗിരിജ, മോഹനൻ, പുതുവൽ പുത്തൻ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 30 | 3/180 | ഖദീജ ബീവി, വടക്കതിൽ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 31 | 3/398 | തങ്കപ്പൻ ആശാരി, വിളയിൽ വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 32 | 3/633 | സിദ്ദിഖ്, ഷംല, തൊയ്ബ മഹൽ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 33 | 3/837 | എ.ബഷീർ, പുതുവൽ പുത്തൻ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |

| | | | |
|---|---|---|---|
| 34 | 3/845 | രാജേന്ദ്രൻ നായർ,സ്നേഹാലയം | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 35 | 4/58 | അനിൽ കുമാർ, ആവണി | 2014ഒന്നാം അർദ്ധ വർഷം മുതൽ |
| 36 | 4/248 | പ്രസന്ന, വടക്കേവിള വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 37 | 4/315 | അബ്ദുൾ വഹീദ്, മൂലയിൽ വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 38 | 4/352 | അംബിക.എൻ, വിഷ്ണു വിലാസം | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 39 | 4/400 | ബിനുകുമാർ, ബിന്ദുഭവൻ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 40 | 4/558 | സുരേഷ് കുമാരി.ബി, സുരഭി | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 41 | 5/525 | അമ്പിളി.ആർ, പണയിൽ വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 42 | 5/571 | നബീസാബീവി, ബിസ്മി മൻസിൽ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 43 | 5/596 | ഖദീജാബീവി, ഷെമീന മൻസിൽ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 44 | 5/600 | ബാഹുലേയൻ നായർ, പണയിൽ വീട് | 2014 ഒന്നാം അർദ്ധ വർഷം മുതൽ |

ബി) ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലാത്ത കെട്ടിടങ്ങൾക്ക് സത്യവാങ്മൂലം നൽകിയിട്ടുള്ളതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തി കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് |
|---|---|---|
| എ3/7377/19 | 10/294 | റജീലാബീവി, ആസിഫ് മൻസിൽ |

സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളത് ഫയലിൽ ഉണ്ടെങ്കിലും ആയത് അംഗീകരിച്ചതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് |
|---|---|---|
| 1 | 5/775/എ | താഹ, പാച്ചിറ |
| 2 | 5/775/ബി | തജ്ജുനിസ, വിളയിൽ വീട് |
| 3 | 14/829 | ശശി |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 30/14.03.22, 58/16.03.22 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. താഴെപ്പറയുന്ന കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ 2020-21 ലെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഫയൽ നമ്പർ/ തീയതി | കെട്ടിട നമ്പർ | പേര് / വിലാസം | ഉപയോഗ ക്രമം | നികുതി ഒടുക്കാത്ത കാലയളവ് | നികുതി തുക (രൂപ) |
|---|---|---|---|---|---|---|
| 1 | A3.7363/20, 24.11.20 | 3/396 | ജയചന്ദ്രൻ, ശ്രീകൃപ | പാർപ്പിടം | 2020 ഒന്നാം, രണ്ടാം അർദ്ധവർഷം | 82 |
| 2 | A3.2284/21, 24.02.21 | 6/65 | മുരളീധരൻ നായർ, എം.ആർ നിലയം | പാർപ്പിടം | 2020 ഒന്നാം അർദ്ധവർഷം | 8 |
| 3 | A3.2412/21, 26.02.21 | 2/48 | അസി.എഞ്ചിനിയർ, എം. ഐ. സെക്ഷൻ, വെള്ളൂർ | ഓഫീസ് ആവശ്യത്തിനുള്ളവ | 2020 ഒന്നാം, രണ്ടാം അർദ്ധവർഷം | 2520 |
| | | | | | ആകെ | 2610/-രൂപ |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/14.03.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അപേക്ഷയിൽ പരാമർശിച്ചിരുന്നതു കൊണ്ടോ, അന്വേഷണത്തിൽ ബോധ്യപ്പെട്ടതു കൊണ്ടോയാണ് 2020 ഒന്നാം അർദ്ധ വർഷം മുതലുള്ള നികുതി ഒഴിവാക്കി നൽകിയതെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ പൊളിച്ചുകളഞ്ഞതു കൊണ്ട് നികുതി ഒഴിവാക്കി നൽകണമെന്ന് അപേക്ഷ ലഭിക്കുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഈടാക്കുന്നതിന് ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ്.

3) നികുതി ഡിമാന്റ് ചെയ്ത കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്തിട്ടില്ലെങ്കിലും നികുതി ഈടാക്കിയിട്ടില്ല .

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വാർഷിക നികുതി (രൂപ) | റിമാർക്സ് |
|---|---|---|---|---|
| 1 | 10/205 | ജമാലുദ്ദീൻ, സ്റ്റാർ ബിൽഡിംഗ് | 530 | 2013 മുതൽ ഡിമാന്റ് ഉണ്ടെങ്കിലും നാളിതുവരെ നികുതി ഈടാക്കിയിട്ടില്ല. |
| 2 | 9/453 | രഘുവരൻ നായർ, വൽസലകുമാരി, | 201 | 2016 വരെ മാത്രമാണ് നികുതി ഒടുക്കിയിട്ടുള്ളത്. |

| | | | | |
|---|---|---|---|---|
| | | മംഗലത്തുവീട് | | |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 58/16.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

4) വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കൽ – സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളും 2020 മാർച്ച് 31 ന മുൻപായി സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധന നടത്തിയതിൽ 2020-21 വർഷത്തെ നികുതി ഇളവിന് അപേക്ഷ സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ തൻ വർഷത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | പേര്, വിലാസം |
|---|---|---|
| 1 | 2/61 | ശ്രീധരൻപിള്ള, പുഷ്പവിലാസം |
| 2 | 2/168 | ഷീലാകുമാരി, കാശ്മീരം |
| 3 | 2/314 | ജോയിക്കുട്ടി, വൈഷ്ണേൽ ഷാലോം |
| 4 | 2/327 | മോഹൻ റോയ്, ഗ്ളോഫ്രൻഡ്സ് |
| 5 | 2/329 | കരുണാകരൻപിള്ള, ആഷിയാന, |
| 6 | 2/361 | ബേബി, പുണർതം |
| 7 | 4/216 | രാധമ്മ.പി, ആർ.ആർ.നിലയം |
| 8 | 4/473 | രാധാകൃഷ്ണൻനായർ, രാധാകൃഷ്ണഭവൻ |
| 9 | 5/51 | മുഹമ്മദ്റഷീദ്, തടത്തിൽ വീട് |
| 10 | 5/472 | ശാരദ, സ്മൃതി |
| 11 | 6/71 | ശ്രീധരൻ പിള്ള, ജീനാ നിവാസ് |
| 12 | 6/191 | ഉഷാബിന്ദു, അനുഷാ ഭവൻ |
| 13 | 6/225 | ദിനേശ്കുമാർ, ഗൗരീശ് |
| 14 | 6/233 | കുമാരിസന്ധ്യ.ബി.എസ്, സന്ധ്യാഭവൻ |
| 15 | 6/405 | രമാദേവി, ആർ.ആർ.ഭവൻ |
| 16 | 9/5 | വിശ്വംഭരൻ നായർ, വിശ്വമംഗലം |
| 17 | 9/543 | ഭുവനചന്ദ്രൻ നായർ, രതിജ, ഈശ്വരസദനം |
| 18 | 10/285 | വേലപ്പൻനായർ, ഉഷകുമാരി, രേവതീപൂരം |
| 19 | 13/3 | മുഹമ്മദ്സാലി, വടക്കതിൽ |
| 20 | 13/190 | വിജയൻ, ജയകുമാരി, പുന്നവിളാകത്ത് വീട് |
| 21 | 13/439 | ലൈലാബീവി, എൽ.എച്ച് ബംഗ്ലാവ് |
| 22 | 14/574 | സുനിൽകുമാർ, മനോജ് ഭവൻ |
| 23 | 15/4 | ഓമനകുമാരി അമ്മ, ശ്രീശൈലം |
| 24 | 17/85 | ആർ.തങ്കപ്പൻ, ആർ.റ്റി.നിവാസ് |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 50/16.03.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2020-21 വർഷം കോവിഡ് സാഹചര്യത്തിലാണ് മേൽ പറഞ്ഞവരിൽ പലരും അപേക്ഷ തരാതിരുന്നതെന്നും നാളിതുവരെയും മുറ തെറ്റാതെ സമർപ്പിക്കുന്നവരാണെന്നും അറിയിച്ചിരിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നവർക്ക് മാത്രം നികുതി ഇളവ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

5) മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന മൊബൈൽ ടവറിൽ നിന്നും 2020-21 വർഷത്തെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

| ടവറിന്റെ വിവരം | വാർഡ് നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം |
|---|---|---|---|
| ബിഎസ്എൻഎൽ സബ് ഡിവിഷണൽ എഞ്ചിനിയർ, ബിഎസ്എൻഎൽ മൊബൈൽ സർവ്വീസ് ലിമിറ്റഡ്, കണിയാപുരം | 10 | 733 | 15 ച.മീ |

മൊബൈൽ ടവറുകളിൽ നിന്നുള്ള വസ്തു നികുതി സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.12/09.03.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ബിഎസ്എൻഎൽ ഓഫീസുകളുടെ വസ്തു നികുതി ഒടുക്കുന്നതിന് 15.03.22 വരെ സാവകാശം അനുവദിക്കണമെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ നിർദ്ദേശം ഉള്ളതായി അറിയിച്ചിരിക്കുന്നു. മേൽ തീയതിയ്ക്ക് ശേഷം പട്ടികയിലെ മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശികയടക്കം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

6) പാർപ്പിടാവശ്യത്തിന് നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു.

2011-ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ പരിശോധിച്ചതിൽ പാർപ്പിടാവശ്യങ്ങൾക്ക് വസ്തു നികുതി കണക്കാക്കുന്ന താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | ലൈസൻസ് അനുവദിച്ചത് |
|---|---|---|---|
| 1 | 11/452 | ഫിറോസ് | ബിസ്മില്ല ചിക്കൻ സ്റ്റാൾ |
| 2 | 9/8 | ജിത.എസ്.നായർ | എസ്.കെ.ഗുരുവായൂർ പപ്പടം നിർമ്മാണം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.29/14.03.2022 ന് ലഭിച്ച മറുപടിയിൽ ക്രമ നം.2 പ്രകാരമുള്ള പപ്പട നിർമ്മാണം കുടിൽ വ്യവസായമായതിനാലാണ് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് ലൈസൻസ് നൽകിയതെന്നും അടിയന്തിരമായി മേൽ കെട്ടിടങ്ങൾ തരം മാറ്റി വ്യാവസായിക അടിസ്ഥാനത്തിലാക്കി വസ്തു നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതും മേൽ അപാകത ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12-1 നമ്പറിംഗ്/വസ്തുനികുതി നിർണയം - അപാകങ്ങൾ

1. സർക്കാർ ഉത്തരവിനു വിരുദ്ധമായി വ്യത്യസ്ത ഫയലുകൾ സൂക്ഷിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ത ഫയലുകളായാണ് പെർമിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും.

2. മേഖലാടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മേഖല അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3. നികുതി നിർണയത്തിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല.

2011-ലെ കേരളപഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയ റിട്ടേൺ 10-ാം ചട്ടം (2):ാം ഉപചട്ടം പ്രകാരം ഫാറം നമ്പർ 2-ൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഫയലുകളിൽ ഒന്നും തന്നെ കെട്ടിട ഉടമ സമർപ്പിക്കേണ്ട ഫാറം നമ്പർ 2 റിട്ടേൺ, വസ്തുനികുതി നിർണയം സംബന്ധിച്ച ഫോറം 6 എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 58/16.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ, വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 തൊഴിൽ നികുതി- അപാകങ്ങൾ

1. നിശ്ചിത ഫോർമാറ്റിൽ തൊഴിൽ നികുതി പത്രിക സമർപ്പിക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14, 16 പ്രകാരം ഫാറം നമ്പർ II മാതൃകയിൽ വേണം സ്ഥാപനങ്ങൾ തൊഴിൽ നികുതി പത്രികകൾ സമർപ്പിക്കേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ ആകെ അർദ്ധ വാർഷിക വരുമാനം മാത്രമാണ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് വ്യക്തമല്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ഗവ.ഹോമിയോ ഡിസ്പെൻസറി, കരിച്ചിറ |
| 2 | കെഎസ്ഇബി ഇലക്ട്രിക്കൽ ഡിവിഷൻ, കഴക്കൂട്ടം |
| 3 | കെഎസ്ഇബി ട്രാൻസ്മിഷൻ സർക്കിൾ, |
| 4 | അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസ്, കെഎസ്ആർടിസി, കണിയാപുരം |
| 5 | ബിഎസ്എൻഎൽ, കണിയാപുരം |
| 6 | പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് |

2. തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല.

എ) പല സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതും ഇല്ലായെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ബിഎസ്എൻഎൽ, കണിയാപുരം | ഒന്നാം അർദ്ധവർഷം |
| 2 | ഇവിഎം മോട്ടോഴ്സ് | ഒന്നാം അർദ്ധവർഷം |

| | | |
|---|---|---|
| 3 | ശിശു വികസന പദ്ധതി കാര്യാലയം, പോത്തൻകോട് | ഒന്നാം, രണ്ടാം അർദ്ധവർഷം |
| 4 | ഐസിഎൽ ഫിൻ കോർപ്പറേഷൻ | ഒന്നാം അർദ്ധവർഷം |

ബി) രജിസ്റ്റർ പ്രകാരം ലൈബ്രേറിയൻ, Crematorium Keeper എന്നിവർ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ സീനിയർ സെക്ഷൻ എഞ്ചിനിയർ ഓഫീസ്, സതേൺ റെയിൽവേ ജീവനക്കാരുടെ ഒന്നാം, രണ്ടാം അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതിയും ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

3. സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ 2020-21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി പൂർണമായി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ഇൻഡ്യൻ ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 2 | മുത്തൂറ്റ് മൈക്രോ ഫിൻ | ഒന്നാം അർദ്ധവർഷം |
| 3 | ഇൻഡസ് മോട്ടോഴ്സ് | ഒന്നാം, രണ്ടാം അർദ്ധവർഷം |
| 4 | ഐസിഎൽ ഫിൻ കോർപ്പറേഷൻ | ഒന്നാം അർദ്ധവർഷം |

4. പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. സമയപരിധിക്കുള്ളിൽ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും പിഴ പലിശ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് | തൊഴിൽ നികുതി തുക | തൊഴിൽ നികുതി ഒടുക്കിയ തീയതി |
|---|---|---|---|---|
| 1 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് | രണ്ടാം അർദ്ധവർഷം | 7500 | 19.04.21 |
| 2 | ബ്രൈറ്റ് സെൻട്രൽ സ്കൂൾ | രണ്ടാം അർദ്ധവർഷം | 9700 | 13.07.21 |

6. 2020-21 ൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിച്ച ചുവടെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|
| എംഡിസി സ്കാൻസ് & ലബോറട്ടറി | 10 |

7. ബി.എസ്.എൻ.എൽ ഓഫീസിലെ സ്ഥാപനനികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2020-21 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ

സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/10.03.22-ന് ലഭ്യമാക്കിയ മറുപടിയിൽ നിശ്ചിത ഫോർമാറ്റിൽ നികുതി ഈടാക്കുന്നതിന് നിർദ്ദേശം നൽകിയെന്നും, രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമാക്കി ഹാജരാക്കുന്നതാണെന്നും തൊഴിൽ നികുതി കുടിശ്ശിക ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ബി.എസ്.എൻ.എൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല. പ്രസ്തുത തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൂടി സ്വീകരിക്കേണ്ടതാണ്.

## 1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് 60 ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്യു കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ആയതിനാൽ 2020-21 വർഷം പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള കരാറുകാരുടെ ലിസ്റ്റ് അവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച വിവരങ്ങളും ഓഡിറ്റ് അന്വേഷണം നം. 14/09.03.22 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ചുവടെ പറയുന്ന കരാറുകാരുടെ വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്.

| ക്രമ നമ്പർ | പേര് | വിലാസം |
|---|---|---|
| 1 | ആർ.ചന്ദ്രശേഖരൻ | ആര്യ ഭവൻ, മേനംകുളം |
| 2 | മോഹനൻ നായർ | കൃഷ്ണവിലാസം, കല്ലുവിള |
| 3 | ഷാജി.ജി | പുത്തൻവീട്, അയണിമൂട് |
| 4 | പ്രദീപ്.എസ് | കൊച്ചുവടക്കതിൽ വീട്, കുളത്തൂർ |
| 5 | എൻ.പവിത്രൻ | വിളയിൽ പുത്തൻവീട്, കഴക്കൂട്ടം |
| 6 | റ്റി.ഗോപകുമാർ | അശ്വതി, മേനംകുളം |
| 7 | ഷീബ.പി | കെഎൻകെ ഹൗസ്, കണിയാപുരം |
| 8 | ജി.അജയകുമാർ | ഭാഗീരഥിനിലയം, വെട്ടുറോഡ് |
| 9 | എസ്.ബി.പ്രബിൻ | എസ്.വി.നിവാസ്, നെയ്യാറ്റിൻകര |
| 10 | ദീപു.എസ് | മാധവമന്ദിരം, മേനംകുളം |
| 11 | മോഹനകുമാരൻ നായർ.എ | പണയിൽ പുത്തൻവീട്, പോത്തൻകോട് |
| 12 | ഷിബു.എ. | എ.എസ്.ഭവൻ, കാട്ടായിക്കോണം |
| 13 | ബി.മോഹനൻ | തിരുവാതിര, അയിരൂപ്പാറ |
| 14 | ജി.ശശീന്ദ്രൻ നായർ | മണിമംഗലം, കഴക്കൂട്ടം |
| 15 | പ്രവീൺ.ഡി | ഉപേന്ദ്രവിലാസം, കുളത്തൂർ |

എന്നാൽ മേൽ കരാറുകാർ 2020-21 വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 ലേലം - നടപടികളിലെ അപാകങ്ങൾ.

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ ലേലം സംബന്ധിച്ച ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കെ.എഫ്.സി വാല്യം 1 ആർട്ടിക്കിൾ 156 എ പ്രകാരം ലേലം ഉറപ്പിച്ചു നൽകുന്ന ആളുടെയൊഴികെയുള്ളവരുടെ ഇഎംഡി ലേലം കഴിഞ്ഞയുടനെ തന്നെ തിരികെ നൽകേണ്ടതാണ്. കണിയാപുരം യു.പി സ്കൂൾ കോമ്പൗണ്ടിലെ പഴക്കം ചെന്ന 2 കെട്ടിടങ്ങൾ പൊളിച്ചുമാറ്റി നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിയുമായി ബന്ധപ്പെട്ട 10.03.21 ലെ എ4-2166-2020-21 നമ്പർ ലേലപരസ്യത്തിലെ നിബന്ധനയിൽ, ലേലങ്ങളിൽ കൂടിയ തുക വിളിച്ചിട്ടുള്ള ആദ്യ 3 പേരുടെ ഒഴിച്ച് ബാക്കിയെല്ലാ ഇഎംഡിയും ലേലം കഴിഞ്ഞയുടനെയും മറ്റുള്ളവരുടെ ഇഎംഡി 31.03.20 ന ശേഷം രസീത് ഹാജരാക്കി പഞ്ചായത്ത് ഓഫീസിൽ നിന്നും തിരികെ കൈപ്പറ്റേണ്ടതാണെന്നും ചേർത്തിട്ടുണ്ട്. ഒന്നാം നമ്പർ കെട്ടിടത്തിന്റെ ലേലത്തിൽ പങ്കെടുത്ത ശ്രീ.ഇ.അഫ്സൽ, ശ്രീ.വി.എം.ഷഫീക്ക് എന്നിവർക്ക് ഇഎംഡി തുകയായ 10,000/- രൂപ വീതം തിരികെ നൽകിയതിന്റേയും രണ്ടാം നം. കെട്ടിടത്തിന്റെ ലേലത്തിൽ പങ്കെടുത്ത ശ്രീ.സൈഫുദ്ദീൻ, ശ്രീ.വി.എം.ഷഫീക്ക് എന്നിവർക്ക് ഇഎംഡി തുകയായ 10,000/- രൂപ വീതം തിരികെ നൽകിയതിന്റേയും വിവരം ലഭ്യമാക്കിയില്ല.

2. പഞ്ചായത്ത് വക വിവിധ ഇനങ്ങളുടെ ലേലവുമായി ബന്ധപ്പെട്ട 10.03.21 ലെ എ4-2166-2020-21 നമ്പർ ലേലപരസ്യത്തിലെ നിബന്ധനയിൽ ലേലം അന്തിമമായി അംഗീകരിച്ചത് സംബന്ധിച്ച് അറിയിപ്പ് ലഭിച്ച് 3 ദിവസത്തിനുള്ളിൽ 200/-രൂപ മുദ്രപത്രത്തിൽ ഉടമ്പടി എഴുതണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ലേലം കൈക്കൊണ്ട ആരും തന്നെ 200/-രൂപയുടെ മുദ്രപത്രം ലഭ്യമാക്കുകയോ ഉടമ്പടി എഴുതി ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ 26.06.20 ൽ നടന്ന ലേലത്തിൽ ലേലം കൈകൊള്ളാത്ത ഇനങ്ങൾക്ക് പുനർലേലം നടത്തിയിട്ടില്ല.

3. ലേല രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. ലേലതുക ഒടുക്കിയതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.53/16.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ലേലരജിസ്റ്റർ പൂർണമാക്കേണ്ടതും ഇ.എം.ഡി തിരികെ നൽകിയതു സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ലേലനിബന്ധന പ്രകാരമുള്ള എല്ലാ നിർദ്ദേശങ്ങളും പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ച നൽകുകയോ അവയിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 08/16.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 18 റേഷൻകടകൾ പ്രവർത്തിക്കുന്നതായും അവ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി ഒടുക്കുകയോ ചെയ്തിട്ടില്ല എന്ന വിവരവും അറിയിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിന് രേഖാമൂലം കത്ത് നൽകിയിട്ടുള്ളതായും അറിയിച്ചിരിക്കുന്നു. ലൈസൻസിലേയ്ക്കും തൊഴിൽ നികുതിയിലേയ്ക്കും റേഷൻ കടകളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-17 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ.

2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ, ലൈസൻസിനുള്ള അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടെത്തി.

1) ലൈസൻസ് - ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണമായി നടപ്പിലാക്കിയിട്ടില്ല .

കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരവും, (G.O(P) 80/2017/LSGD - 31.10.2017 പ്രകാരവും ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2020-21 വർഷത്തെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയോ ഉല്പാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ ആയതിന് അനുസൃതമായി ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/09.03.2022-ന് ലഭ്യമാക്കിയ മറുപടിയിൽ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണമായി പാലിച്ചുകൊണ്ട് ഇനിമേൽ ലൈസൻസ് അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2) വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല .

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിലുള്ള ഓരോ വാർഡിലും ഉൾപ്പെടുന്ന വ്യാപാരസ്ഥാപനങ്ങൾ എത്രയെന്നും അവയിൽ എത്രയെണ്ണം ലൈസൻസ് എടുത്തിട്ടുണ്ടെന്നും അനധികൃതമായി പ്രവർത്തിക്കുന്നവ എത്രയെന്നും കൃത്യമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3) ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം | അപാകത |
|---|---|---|---|---|
| 1 | 7/333 | ഇ.അബ്ദുൾ വാഹിദ്, ഇ.എ.വി മൻസിൽ | ഇർഷാദ് ഫ്ലവർമിൽ | മലിനീകരണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ കാലാവധി 31.10.2019 വരെ മാത്രമാണ്. അതിന്റെ അടിസ്ഥാനത്തിൽ 2020-21 ൽ ലൈസൻസ് |

| | | | | |
|---|---|---|---|---|
| | | | | അനുവദിച്ചിരിക്കുന്നു. അപേക്ഷയിൽ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി രേഖപ്പെടുത്താത്തതിനാൽ അതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല. |
| 2 | 9/660 | ഹംസ.കെ, കുരാവീട് | ഫ്ലവർമിൽ | അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന മുൻവർഷത്തെ ലൈസൻസ് 2018-19 ലെയാണ്. 2019-20 ൽ ലൈസൻസ് പുതുക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടില്ല. |
| 3 | 5/20-22 | ഷാഫി.കെ, ഷാഫി മൻസിൽ | താബൂക്ക് ഇൻഡസ്ട്രീസ് | അപേക്ഷയിൽ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി രേഖപ്പെടുത്താത്തതിനാൽ അതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല. |
| 4 | 3/945 | സബീന, ദാറുൽസലാം | ബിസ്മില്ല ഫ്ലവർമിൽ | അപേക്ഷയിൽ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി രേഖപ്പെടുത്താത്തതിനാൽ അതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല. |
| 5 | 15/511 | ചന്ദ്രശേഖരൻ നായർ.ജി, ശ്രീനിലയം | പാൽക്കര ഫ്ലവർമിൽ | അപേക്ഷയിൽ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി രേഖപ്പെടുത്താത്തതിനാൽ അതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല. |

4) വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ പുരയിടത്തിൽ സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് പട്ടിക III ൽ പറഞ്ഞ പരമാവധി തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ലൈസൻസിയുടെ പേര്, വിലാസം | വ്യാപാര സ്ഥാപനം | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|---|
| 1 | 5/652 | പ്രശാന്ത്.വി.നായർ, ആരാധന | സൂപ്പർ ഹോളോബ്രിക്സ് | 8 HP | 100 |
| 2 | 6/5130 | ഗോപകുമാർ,അറപ്പുര | അറപ്പുരയിൽ | 5 HP | 50 |

| | | | | | |
|---|---|---|---|---|---|
| | | വീട് | എഞ്ചിനിയറിംഗ് വർക്ക്സ് | | |
| 3 | 14/282 | അബ്ദുൾ നസീർ, നൗഫിയ മൻസിൽ | നൗഫിയ ഫ്ലവർ മിൽ | 20 HP | 200 |
| 4 | 5/290 | അബ്ദുൾ കരീം.കെ, എ.കെ.മൻസിൽ | എ.കെ.ഫ്ലവർമിൽ | 10 HP | 100 |
| 5 | 9/8 | രവി.എം.കെ, മുണ്ടത്തറ വീട് | എസ്.കെ.ഗുരുവായൂർ പപ്പടം നിർമ്മാണം | 4 HP | 50 |
| | | | | ആകെ | 500/-രൂപ |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.20/10.03.2022ന് ലഭ്യമാക്കിയ മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നതാണെന്നും അപേക്ഷ ലഭിക്കുമ്പോൾ കുതിരശക്തി രേഖപ്പെടുത്തി വാങ്ങുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ഫീസ് നോട്ടീസ് നൽകി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചിരിക്കുന്നു. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കേണ്ടതും വരുമാന സ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-18 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ- പുതുക്കൽ, സമയക്രമം എന്നിവയിലെ അപാകങ്ങൾ.

2020-21 വർഷത്തെ സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ പ്രകാരം ആകെ 2 സ്ഥാപനങ്ങൾ മാത്രമാണ് രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ളത്. എന്നാൽ 2020-21 ൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ള ചുവടെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നൽകിയതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട രജിസ്റ്ററിൽ ഇല്ല.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 9/507,508 | എംഡിസി സ്കാൻസ് & ലബോറട്ടറി |
| 2 | 12/838 | ഡോ.തൗഫീനാസ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് |
| 3 | 12/208 | The Healing Touch Hospital |
| 4 | 5/516 | ഹോമിയോ ക്ലിനിക്ക് |
| 5 | 12/342 | ഡെന്റൽ ക്ലിനിക്ക് |
| 6 | 12/813 | ഡെന്റൽ ക്ലിനിക്ക് |

മേൽ സ്ഥാപനങ്ങൾക്ക് 2020-21 ൽ രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം

നം.21/10.03.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം, മേൽ സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2020-21 ൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. എന്നാൽ മറുപടി പ്രകാരം മേൽ സ്ഥാപനങ്ങളൊന്നും തന്നെ 2020-21 ലെ രജിസ്ട്രേഷൻ പുതുക്കുന്നതിന് പ്രസ്തുത സമയക്രമം പാലിച്ചിട്ടില്ല എന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | സ്ഥാപനം | രജിസ്ട്രേഷൻ തീയതി |
|---|---|---|---|
| 1 | 9/507,508 | എംഡിസി സ്കാൻസ് & ലബോറട്ടറി | 21.01.21 |
| 2 | 12/838 | ഡോ.തൗഫീനാസ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | 16.09.21 |
| 3 | 12/208 | The Healing Touch Hospital | 08.02.21 |
| 4 | 5/516 | ഹോമിയോ ക്ലിനിക്ക് | 29.12.21 |
| 5 | 12/342 | ഡെന്റൽ ക്ലിനിക്ക് | 18.05.21 |
| 6 | 12/813 | ഡെന്റൽ ക്ലിനിക്ക് | 12.05.21 |

2020-21 വർഷത്തെ രജിസ്ട്രേഷൻ 2021-22 ൽ പുതുക്കിയതായി അറിയിച്ചുകൊണ്ടുള്ള മറുപടി തൃപ്തികരമല്ല. പട്ടിക പ്രകാരം ക്രമ നമ്പർ 2,4,5,6 എന്നിവ പ്രകാരം രജിസ്ട്രേഷൻ പുതുക്കിയത് 2021-22 വർഷത്തേയ്ക്കുള്ളതാണോയെന്ന് പുന:പരിശോധിക്കേണ്ടതാണ്. കൂടാതെ ബന്ധപ്പെട്ട രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-19 കടമുറി വാടക -പൂർണമായും ഈടാക്കിയിട്ടില്ല.

1. 2020-21 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം, പഞ്ചായത്തിന്റെ കീഴിലുള്ള ആല്ലംമൂട് മാർക്കറ്റിലെ വിവിധ കടമുറികളിൽ നിന്നും വാടക പൂർണമായും ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകയ്ക്കെടുത്ത ആളിന്റെ പേര്/വിലാസം | പ്രതിമാസ വാടക | വാടക ഒടുക്കാത്ത കാലയളവ് |
|---|---|---|---|---|
| 1 | 2 | ജലാലുദ്ദീൻ, എ.എസ്.മൻസിൽ | 1445 | 6/20 മുതൽ 03/21 വരെ |
| 2 | 3 | സലാലുദ്ദീൻ, റഹിലാമൻസിൽ | 3000 | 12/20 മുതൽ 03/21 വരെ |
| 3 | 6 | സലീന, പുതുവൽപുത്തൻവീട് | 1500 | 6/20 മുതൽ 03/21 വരെ |
| 4 | 7 | ഷമീല, അലി മൻസിൽ | 751 | 6/20 മുതൽ 03/21 വരെ |
| 5 | 11 | വാമദേവൻ, പ്രശാന്ത് ഭവൻ | 1314 | 6/20 മുതൽ 03/21 വരെ |
| 6 | 12 | വൈശാഖ്.വി.ജി, കുന്നത്തുവീട് | 1625 | 6/20 മുതൽ 03/21 വരെ |

2. വാടക രജിസ്റ്റർ പ്രകാരം 2020-21 വർഷത്തെ ഡിമാന്റ് 2,03,284/- രൂപയും വരവ് 1,28,816/- രൂപയുമാണ്. 74,468/- രൂപ വാടകയിനത്തിൽ ലഭിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അത് മേൽ കടമുറികളുടെ വാടകയിനത്തിലുള്ളതാണോയെന്നും പ്രസ്തുത തുകയിൽ എത്ര രൂപ നാളിതുവരെ ഈടാക്കിയുണ്ടെന്നതും വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 56/16.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അടവു വിവരം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ഓഡിറ്റ് - തുടർ നടപടികൾ ത്വരിതപ്പെടുത്തണം.

2009-10 മുതൽ 2018-19 വരെയുള്ള വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 139 ഖണ്ഡികകൾ തീർപ്പാക്കാനവശേഷിക്കുന്നുണ്ട്. 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1725/2021 തീയതി 08.02.2022 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന് നിലവിൽ ആദ്യ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് തുടർ നടപടികൾ നിരീക്ഷിക്കുന്നതിന് വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. ഓഡിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2009-10, 2011-12, 2012-13, 2016-17 വർഷങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾക്ക് അടിയന്തിരമായി മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 08/ 08.03.2022ന്റെ മറുപടി).

ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്നതിനും പരാമർശങ്ങൾ തീർപ്പാക്കുന്നതിനും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട എല്ലാ കത്തിടപാടുകളും ഉൾപ്പെടുത്തി ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-21 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003-ലെ കേരള പഞ്ചായത്ത്‌രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാമെന്നുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.

പുതിയ ഭരണസമിതി അധികാരം ഏറ്റെടുത്ത് കഴിഞ്ഞ് ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് മുന്നോട്ടുപോയെങ്കിലും തുകകൾ CMDRF-ൽ ഒടുക്കിയാൽ മതിയെന്ന സർക്കാർ നിർദ്ദേശം വന്നതിനാൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലായെന്നും നടപടികൾ സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 06/08.03.2022ന്റെ മറുപടി).

പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 പാഥേയം - പദ്ധതിക്ക് വിരുദ്ധമായി തുക ചെലവഴിച്ചു - 4800/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പർ | SO020/21 | SO021/21 |
|---|---|---|
| പ്രോജക്ടിന്റെ പേര് | പാഥേയം-ജനറൽ | പാഥേയം-എസ്.സി.പി |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 561600 (224640 വികസന ഫണ്ട് + 336960 ജില്ല പഞ്ചായത്ത്) | 1036800 (414720 വികസന ഫണ്ട്+ 622080 ജില്ല പഞ്ചായത്ത്) |
| ചെലവ് | 224640 (വി.ഫ) | 414720(വി.ഫ) |

പാഥേയം പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)മേൽ പദ്ധതിയുടെ ജില്ലാ പഞ്ചായത്ത് ജനറൽ വിഹിതം ഇനത്തിൽ 85176/- രൂപയും എസ്.സി.പി വിഹിതത്തിൽ 632448/- രൂപയും ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ചെലവ് വൗച്ചറിലും കാഷ് ബുക്കിലും ഓരോ വിഭാഗത്തിലെയും ചെലവ് വ്യക്തമാക്കിയിട്ടില്ല. കൂടാതെ സുലേഖ ചെലവ് പത്രികയിൽ മേൽ പ്രോജക്ടുകളുടെ ജില്ലാ പഞ്ചായത്ത് വിഹിതത്തിലെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

2)കാഷ് ബുക്കിൽ 21.02.2020 തീയതിയിൽ പാഥേയം ചെലവ് കൂടാതെ മേയ്, ജൂൺ മാസങ്ങളിലെ വിവിധ ചെലവായി 4800/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വൗച്ചറിൽ ചെലവ് വിശദാംശം വ്യക്തമാക്കിയില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ 59/16.03.2022 ന് ലഭിച്ച മറുപടിയിൽ ചെലവ് വിവരം കാഷ് ബുക്കിൽ കൃത്യമായി

രേഖപ്പെടുത്തി സമർപ്പിക്കുന്നതാണെന്നും 4800/-രൂപ ചെലവഴിച്ചതിന്റെ കമ്മിറ്റി സാധൂകരണം ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിക്ക് വിരുദ്ധമായി ചെലവഴിച്ച തുകയായ 4800/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ - പ്രിന്റർ ലഭിച്ചില്ല - 28,968/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0039/21, അണ്ടൂർകോണം ഗ്രാമപഞ്ചായത്തിന് കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ |
| അടങ്കൽ തുക | 110000/- |
| ചെലവ് തുക | 105500/- |
| ബിൽ നമ്പർ | 20010552001601191338/ 15.3.21 |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം 2 കംപ്യൂട്ടറും 2 പ്രിന്ററും വാങ്ങുന്നതിന് 105500/- രൂപ കെൽട്രോണിന് നല്കിയിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം 2 കംപ്യൂട്ടറിന് 79594 (2x39797) രൂപയും 2 പ്രിന്ററിന് 25906(2x12953) രൂപയുമാണ് വില നിശ്ചയിച്ചിട്ടുള്ളത്. 30.1.22 ൽ 76532/- രൂപയുടെ 2 കംപ്യൂട്ടറുകൾ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. പ്രിന്റർ ഇതുവരെ ലഭിച്ചിട്ടില്ല. 28968/- രൂപ കെൽട്രോണിൽ ബാക്കി നില്ക്കുന്നു. പ്രിന്റർ ഇതുവരെ ലഭിക്കാത്ത സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 45/16.3.22) പ്രിന്റർ ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു.

പ്രിന്റർ ലഭ്യമാകാത്ത സാഹചര്യത്തിൽ, ആയതിന്റെ ചെലവായ 28968/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 152/21, CRPF പണ്ടാരക്കുഴി കൊച്ചു മുസലിയാർ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ തുക | 2000000/- |
| ചെലവ് തുക | 2000000/- |
| ബിൽ നമ്പർ | 20010552001600427125/ 14.8.20 തുക 400000/-<br>20010552001600427127/ 14.8.20 തുക 400000/-<br>20010552001600427129/ 14.8.20 തുക 400000/-<br>20010552001600427132/ 14.8.20 തുക 400000/-<br>20010552001600427136/ 14.8.20 തുക 400000/- |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പദ്ധതിക്കായി ജില്ലാപഞ്ചായത്തിൽ 2000000/- രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44/16.3.22) പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു. പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ലക്ഷം വീട് കോളനി അടിസ്ഥാന സൗകര്യ വികസനം-രേഖകളുടെ അഭാവത്തിൽ 150000/-രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0148/20 |
| പ്രോജക്ടിന്റെ പേര് | ലക്ഷം വീട് കോളനി അടിസ്ഥാന സൗകര്യ വികസനം |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |

| | |
|---|---|
| അടങ്കൽ | 150000<br>(ബ്ലോക്ക് പഞ്ചായത്ത് 50000, ജില്ലാ പഞ്ചായത്ത് 100000) |
| ചെലവ് | 150000 |
| ചെക്ക് നമ്പർ | 100000/- (ചെക്ക് വിവരം ലഭ്യമാക്കിയിട്ടില്ല)<br>50000/- ( ചെക്ക് വിവരം ലഭ്യമാക്കിയിട്ടില്ല) |

ഗ്രാമപഞ്ചായത്തിലെ കോളനികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ട് രൂപീകരണ ഫോറത്തിൽ പ്രോജക്ട് എപ്രകാരമാണ് നടപ്പാക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കിയിട്ടില്ല. അടിസ്ഥാന സൗകര്യം നടപ്പാക്കുന്നതിനായി രൂപീകരിച്ച മേൽ പ്രോജക്ടിന്റെ ആനുകൂല്യം നൽകിയിട്ടുള്ളത് താഴെപ്പറയുന്ന വ്യക്തികൾക്കാണ്.

| ക്രമ നമ്പർ | പേര് /വിലാസം | തുക |
|---|---|---|
| 1 | ഷാഹിദ, ചാലിൽ ലക്ഷം വീട്, കണിയാപുരം | 75000/- |
| 2 | സബീന ,ചാലിൽ ലക്ഷം വീട്, കണിയാപുരം | 75000/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.46/15.03.2022 ന് ലഭിച്ച മറുപടിയിൽ നിലവിൽ അണ്ടൂർക്കോണം പഞ്ചായത്തിലെ കോളനികളെല്ലാം നല്ല രീതിയിൽ ഉള്ളതിനാലാണ് പദ്ധതി തുക വകമാറ്റി ചെലവഴിച്ചത് എന്നും തുക മേൽ വ്യക്തികളുടെ വീട് മെയിന്റനൻസിന് അനുവദിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. കോളനി നേരിട്ട് സന്ദർശിച്ച് ഗുണഭോക്താക്കളെ കണ്ടെത്തിയതിനാലാണ് ഗുണഭോക്തൃ ലിസ്റ്റ് കൂടാതെ പദ്ധതി തുക അനുവദിച്ചു നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്. അംഗീകൃത പ്രോജക്ടിന് വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ചത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തെ വീഴ്ചയാണ് . അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയതിനാലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ രേഖകളുടെ അഭാവത്തിലും ചെലവ് തുകയായ 150000/-രൂപ തടസപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ടും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-26 ടോയ്‌ലറ്റ് മെയിന്റനൻസ് - ഗുണഭോക്തൃ ലിസ്റ്റ് കൂടാതെ പദ്ധതി നടപ്പാക്കി - 1190000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO222/21 |
| പ്രോജക്ടിന്റെ പേര് | അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് ടോയ്‌ലറ്റ് മെയിന്റനൻസ് |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 2250000 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 1190000 |
| ചെക്ക് നമ്പർ | 5997731/22.03.2021 തുക 200000/-,<br>5997733/30.03.2021 തുക 325000/-<br>ചെക്ക് നമ്പർ ലഭ്യമല്ല – തുക 665000/- |

ഗ്രാമപഞ്ചായത്തിലെ വീടുകളിലെ നിലവിലുള്ള ടോയ്‌ലറ്റ് മെയിന്റനൻസിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയോ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയോ അംഗീകരിച്ചിട്ടില്ല. സ.ഉ(സാധാ) നം. 794/2020/l.s.g.d Dated 29.4.2020, സ.ഉ(സാധാ) നം. 1450/2020/l.s.g.d Dated 4.8.2020 എന്നിവ പ്രകാരം ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥനും തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ പ്രസിഡന്റ്/ ചെയർപേഴ്സൺ നിയോഗിക്കുന്ന മറ്റൊരു ഉദ്യോഗസ്ഥനും അടങ്ങിയ രണ്ടംഗ കമ്മിറ്റിക്കും ആയിരുന്നു. ഇപ്രകാരമുള്ള രണ്ടംഗ കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശങ്ങളോ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല മേൽ വിഷയം സംബന്ധിച്ച് നൽകിയ 52/16.03.2022 ന് ലഭിച്ച മറുപടിയിൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് 2022 മാർച്ച് മാസം അവസാനത്തിൽ മാത്രമേ പൂർത്തിയാകുകയുള്ളൂവെന്നും അതിനുശേഷം പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്ത് ഗ്രാമസഭ അംഗീകാരം വാങ്ങും എന്നുമാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി മാർഗരേഖയ്ക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി ചെലവഴിച്ച 1190000/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ടും തുടർ നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി- അപാകങ്ങൾ.

| പ്രോജക്റ്റ് നമ്പർ | SO034/21 | SO156/21 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി എസ്.സി.പി | ലൈഫ് ഭവന പദ്ധതി എസ്.സി.പി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 10400000 | 80000 വി.ഫ |
| ചെലവ് | 1620000 | 680000 (8000 വി.ഫ + 600000 സ.ഫ) |

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പോജക്ട് നമ്പർ SO156/21-ന് സംസ്ഥാനാവിഷ്കൃത ഫണ്ട് വകയിരുത്തിയിട്ടില്ല. എന്നാൽ പ്രോജക്ടിൽ സംസ്ഥാനാവിഷ്കൃത ഫണ്ട് ഇനത്തിൽ 600000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

2)മേൽ പ്രോജക്ടുകളുടെ സംസ്ഥാനാവിഷ്കൃത ഫണ്ട്, ജില്ലാ - ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം ചെലവഴിച്ചതിന്റെ ചെക്ക് ഉൾപ്പെടെയുള്ള വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3)ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലെ സ്റ്റേജ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിർവഹണ ഉദ്യോഗസ്ഥൻ തുക വിതരണം ചെയ്യേണ്ടത്. എന്നാൽ 2020-21 വർഷം മാർഗരേഖ സൂചിപ്പിച്ചിട്ടുള്ള അനുബന്ധം 4 പ്രകാരമുള്ള സ്റ്റേജ് റിപ്പോർട്ട് കൂടാതെയാണ് തുക അനുവദിച്ച നൽകിയത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 55/16.03.2022-ന് ലഭിച്ച മറുപടിയിൽ പദ്ധതിയുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖ കൃത്യമായും പാലിച്ച് പദ്ധതി നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-28 ലൈഫ് പദ്ധതി - ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്ററിൽ തുക നൽകിതിന്റെ വിശദാംശം പൂർണമായും രേഖപ്പെടുത്തുന്നില്ല. താഴെപ്പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയുടെ ആദ്യ ഗഡു തുക കൈപ്പറ്റിയെങ്കിലും നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര് | വിലാസം | വിഭാഗം | കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|---|---|
| 1 | സുനിൽ | ശ്രീപാദം കോളനി, കണിയാപുരം | ലൈഫ് എസ്.സി.പി | 09.07.2018 | 40000 |
| 2 | സീമബിനു | പറമ്പിൽപാലം, അണ്ടൂർക്കോണം | ലൈഫ് എസ്.സി.പി | രേഖപ്പെടുത്തിയിട്ടില്ല | 40000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ 51/16.03.2022 ന് ലഭിച്ച മറുപടിയിൽ ക്രമ നമ്പർ 1 പ്രകാരമുള്ള ഗുണഭോക്താവിന് രേഖാമൂലം അറിയിപ്പ് നൽകിയെങ്കിലും ആയത് കൈപ്പറ്റിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ള്. ക്രമ നമ്പർ 2 പ്രകാരമുള്ള ഗുണഭോക്താവിന്റെ ഭവനം നിർമ്മിക്കാൻ കഴിയാത്തതിനാൽ നിർമ്മാണം ഉപേക്ഷിച്ച എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-29 ഭവന പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.

| പ്രോജക്റ്റ് നമ്പർ | SO147/20 |
|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പുനരുദ്ധാരണം - ജനറൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 2400000 (വികസന ഫണ്ട് ജനറൽ-380040/- തനത് ഫണ്ട് 2019960/-) |

| | |
|---|---|
| ചെലവ് | 875000(375000+500000) |

ഗ്രാമപഞ്ചായത്തിലെ നിലവിൽ വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത് . പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗരേഖ പ്രകാരം വീട് മെയിന്റനൻസ് പ്രോജക്ടിന്റെ എസ്റ്റിമേറ്റ് കെട്ടിട ഉടമ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. കൂടാതെ അറുപത് ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് അധികമുറി നിർമ്മാണം അനുവദനീയമല്ല. എന്നാൽ പദ്ധതിയുടെ ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. ആയതിനാൽ സബ്സിഡി മാർരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ വീടിന്റെ വിശദാംശംവും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

I)സുഹറ ബീവി,കുരാ വീട് , പള്ളിപ്പുറം

Ii)രാജപ്പൻ ആചാരി, മണക്കാട്ടുവിളാകം

3)താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസ് പ്രവൃത്തിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

I)സുഹറ ബീവി,കുരാ വീട് , പള്ളിപ്പുറം

Ii)രാജപ്പൻ ആചാരി, മണക്കാട്ടുവിളാകം

Iii)ഉഷ, മങ്കാട്ടു വീട്

Iv)നസീമ ബീവി, പുത്തൻവീട്

4)സബ്സിഡി മാർഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മേൽ മാനദണ്ഡം പാലിക്കാതെ തുക അനുവദിച്ചു നൽകി.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഗുണഭോക്താവ് | അപാകത |
|---|---|---|---|
| I | 11/567 | ഉഷ, മങ്കാട്ടു വീട് | കെട്ടിടത്തിന്റെ നികുതി നിർണിയിച്ചത് 2014-15 വർഷം മുതലാണ്. ആയതിനാൽ കെട്ടിടത്തിന്റെ കാലപ്പഴക്കം 8 വർഷത്തിൽ കുറവാണ്. |
| Ii | 10/837 | സാംബ ശിവൻ, ഭദ്ര പാദം | കെട്ടിടത്തിന്റെ നികുതി നിർണിയിച്ചത് 2016-17 വർഷം മുതലാണ്. |
| Iii | 5/680 | സുശീല, പുതുവൽ പുത്തൻവീട് | കെട്ടിടത്തിന്റെ നികുതി നിർണിയിച്ചത് 2015-16 വർഷം മുതലാണ്. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ 43/15.03.2022-ന് ലഭിച്ച മറുപടിയിൽ പദ്ധതിയുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. വീടുകളുടെ കാലപ്പഴക്കം ബോധ്യപ്പെടുന്നതിനായി വീടുകൾ നേരിട്ട് പരിശോധന നടത്തിയാണ് പദ്ധതി ആനുകൂല്യം നൽകിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. സബ്സിഡി മാർഗരേഖ കൃത്യമായും പാലിച്ച് പദ്ധതി നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-30 ഭവന പുനരുദ്ധാരണം - രേഖകൾ ഹാജരാക്കിയില്ല- 100000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0187/20 |
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം - എസ്.സി.പി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ -2 |
| അടങ്കൽ | 100000/-<br>(വികസന ഫണ്ട്) |
| ചെലവ് | 100000/- |
| ബിൽ നമ്പർ | 01/04.05.2020 |

പ്രസ്തുത പ്രോജക്ടിന്റെ ഫയൽ ഓഡിറ്റ് റിക്വിസിഷൻ (നമ്പർ 02/15.03.2022) മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 100000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0138/21 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 2000000 (വികസന ഫണ്ട്) |
| ചെലവ് | 2000000 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം പത്ത് വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗരേഖ പ്രകാരം 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടുകൾക്കാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ ദിവ്യ എസ്.ബിനു D/O സീമ പുതുവൽ പുത്തൻവീട് എന്ന ഗുണഭോക്താവിന്റെ വീടിന് സഞ്ചയ പ്രകാരം 968.75 ചതുരശ്ര അടി വിസ്തീർണമുണ്ടായിരുന്നു.(കെട്ടിട നമ്പർ 9/650 )

2)സബ്സിഡി മാർഗരേഖ അനുബന്ധ ഉത്തരവ് പ്രകാരം 120 ചതുരശ്ര അടിയിൽ അധികരിക്കാതെയാണ് പഠനമുറി നിർമ്മിക്കേണ്ടത്. എന്നാൽ മിഥുന എം.എസ് D/O മനോജൻ, പുരയിടത്തിൽ വീട്, കരിച്ചാറ എന്ന ഗുണഭോക്താവ് 195.15 ചതുരശ്ര അടി വിസ്തീർണത്തിലാണ് പഠനമുറി നിർമ്മിച്ചിട്ടുള്ളത്. കൂടാതെ മറ്റ് പദ്ധതി ഗുണഭോക്താക്കൾ നിർമ്മിച്ച മുറിയുടെ വിസ്തീർണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/09.03.2022-ന് ലഭിച്ച മറുപടിയിൽ ക്രമ നമ്പർ 1 പ്രകാരമുള്ള കെട്ടിടം നിലവിൽ ഓവർസീയർ പരിശോധന നടത്തി 800 ച.അടിയിൽ കുറവ് വിസ്തീർണമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നിർവഹണവേളയിൽ ഗുണഭോക്താവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വിസ്തീർണം 800 ചതുരശ്ര അടിയിൽ കുറവാണെന്ന് പരിശോധിച്ച് ഉറപ്പാക്കുകയോ സഞ്ചയയിൽ കെട്ടിടത്തിന്റെ വിസ്തീർണം നാളിതുവരെ പുനർനിർണയിക്കുകയോ ചെയ്തിട്ടില്ല. ക്രമ നമ്പർ 2 പ്രകാരമുള്ള ഗുണഭോക്താവ് കെട്ടിടം പൂർത്തീകരിച്ചപ്പോൾ നിശ്ചിത വിസ്തീർണത്തിൽ കൂടുതൽ നിർമ്മിച്ചതിനാലാണ് തുക നൽകിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി ആനുകൂല്യത്തിനായി ഗുണഭോക്താവ് സമർപ്പിച്ച അപേക്ഷയോടൊപ്പമുള്ള എസ്റ്റിമേറ്റിൽ 195.15 ചതുരശ്ര അടി വിസ്തീർണത്തിലാണ് പഠനമുറി നിർമ്മിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് അംഗീകരിച്ചിട്ടുമുണ്ട്. ആയതിനാൽ കെട്ടിടം പൂർത്തീകരിച്ച ശേഷമാണ് അധിക നിർമ്മാണം ബോധ്യപ്പെട്ടത് എന്ന മേൽ മറുപടി പരിഗണനാർഹമല്ല. സബ്സിഡി മാർഗരേഖ കൃത്യമായും പാലിച്ച് പദ്ധതി നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 പഠനം പൂർത്തീകരിച്ച വ്യക്തിയ്ക്ക് ലാപ്ടോപ്പ് നൽകി - തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0022/21 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 540000 (വികസന ഫണ്ട്) |
| ചെലവ് | 506970 |
| ബിൽ നമ്പർ | 441/18.03.2021(225320/-)<br>442/18.03.2021(281650/-) |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം സി.പി.ആർ.സി.എസ് പോർട്ടൽ മുഖേന പതിനെട്ട് ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ അമൽ എസ്, മണക്കാട്ട് വിളാകം, കണിയാപുരം എന്ന വ്യക്തിയുടെ 2019 വർഷത്തിന് മുൻപുള്ള വിവിധ കാലയളവിലെ കോഴ്സ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് പദ്ധതി ആനുകൂല്യം അനുവദിച്ച് നൽകിയത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/07.03.2022 ) ലഭിച്ച മറുപടിയിൽ മേൽ വ്യക്തിയിൽ നിന്നും ലാപ്ടോപ്പ് തിരികെ വാങ്ങാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗരേഖയ്ക്ക് വിരുദ്ധമായി അനർഹരായ വ്യക്തികൾക്ക് പദ്ധതി ആനുകൂല്യം നൽകുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തെ വീഴ്ചയായി പരിഗണിക്കുന്നു. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ജാഗ്രത സമിതി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

സ.ഉ(എം.എസ്) നം.31/07 സ.ക്ഷേ.വ തീ.23.06.2007 ഉത്തരവ് പ്രകാരമുള്ള മാർഗരേഖ ഭാഗം 1.7 പ്രകാരം ജാഗ്രത സമിതി ഓഫീസ് സജ്ജീകരിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജാഗ്രത സമിതി ഓഫീസിൽ കേസിന്റെ സിറ്റിംഗിനുള്ള സ്വകാര്യത ഉണ്ടാകണമെന്നും സ്വതന്ത്ര സംഭാഷണം നടത്താനുള്ള സൗകര്യം ഉണ്ടാകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഓഫീസ് പുറമേ നിന്ന് കാണത്തക്കവിധം ആസ്ഥാനത്തിന്റെ ബോർഡ് സ്ഥാപിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ജാഗ്രത സമിതി ഓഫീസ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 42/15.03.2022) ലഭിച്ച മറുപടിയിൽ ഓഫീസ് റൂം സജ്ജീകരണത്തിന്റെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ജാഗ്രത സമിതി പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - 1,46,215/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | ഗവ.ഹോമിയോ ഡിസ്പെൻസറി കരിച്ചാറയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 3/21 |
| പദ്ധതി അടങ്കൽ | 2,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 1,96,215 |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ- ഹോമിയോ |

ARS ALB 30 Strip എന്ന മരുന്ന് ലഭ്യമാക്കുന്നതിന് Kerala State Homeopathic Co-operative Pharmacy-യ്ക്ക് ട്രഷറി ബിൽ നമ്പർ 01/26.02.21 പ്രകാരം 1,96,215/- രൂപ നൽകിയെങ്കിലും ഇൻവോയിസ് നമ്പർ LF-483/23.06.21 പ്രകാരം 50,000/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 1,46,215/- രൂപയുടെ മേൽ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 39/15.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അനുവദിച്ച് ഒരു വർഷമായിട്ടും 1,46,215/- രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും എത്രയും വേഗം മരുന്ന് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്. വിശദീകരണം ലഭ്യമാക്കാത്ത പക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-35 കാലാവധി കഴിഞ്ഞ മരുന്ന് വിതരണം ചെയ്തു.

| | |
|---|---|
| പദ്ധതിയുടെ പേര് | വയോജനങ്ങൾക്ക് രോഗപ്രതിരോധ ക്ലിനിക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 12/21 |
| പദ്ധതി അടങ്കൽ | 3,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 3,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ ആയുർവേദം |

പ്രോജക്ടിന്റെ ഭാഗമായി വിവിധ മരുന്നുകൾ ലഭ്യമാക്കുന്നതിന് The Pharmaceutical Corporation (I.M) Kerala Ltd ന് ട്രഷറി ബിൽ നമ്പർ 2/17.08.20 പ്രകാരം 3,00,000/- രൂപ അനുവദിക്കുകയും വിവിധ ഇൻവോയിസ് ബില്ലുകൾ പ്രകാരം മരുന്ന് പൂർണമായും ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇൻവോയിസ് നമ്പർ 90178177/29.08.20 പ്രകാരം ലഭിച്ച മരുന്നുകളിൽ ഉൾപ്പെട്ടിട്ടുള്ള 72 കുപ്പി ബലാഗുളൂച്യാദി കഷായം 200 Ml ന്റെ (ആകെ വില 72 X 48 = 3456/- രൂപ) കാലാവധി 02/21 വരെ മാത്രമായിരുന്നു. എന്നാൽ പ്രസ്തുത മരുന്ന് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുള്ളത് 27.03.21-നാണ്. കൂടാതെ സബ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പ്രസ്തുത മരുന്ന് 27.03.21 നും 10.04.21 നും വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. ഇപ്രകാരം കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിലെടുത്ത്

വിതരണം ചെയ്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 40/15.03.20) ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ കഷായം പൂപ്പൽ വന്ന് കേടായതിനാൽ വിതരണം ചെയ്യാതെ കളഞ്ഞതായും കണക്ക് ശരിയാക്കാൻ വേണ്ടി ഇന്റന്റ് എഴുതി കുറയ്ക്കുകയും ചെയ്തതായി അറിയിച്ചിരിക്കുന്നു. കേടായ മരുന്ന് തിരികെ നൽകി പകരം അതേ വിലയുള്ള മരുന്നോ അല്ലെങ്കിൽ മറ്റ് മരുന്നുകളോ ലഭ്യമാക്കാതെ കേടായ മരുന്ന് കളഞ്ഞത് തെറ്റായ നടപടിയാണ്. The Pharmaceutical Corporation (I.M) Kerala Ltd ൽ നിന്നും 3456/- രൂപ തിരികെ ലഭിക്കുന്നതിനോ പകരം അതേ വിലയുള്ള മരുന്ന് ലഭ്യമാക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 സ്കൂളുകളിലേക്ക് സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ് എന്നിവ വാങ്ങൽ – ചെലവ് അക്കൌണ്ട് ചെയ്തതിലെ അപാകം.

| | |
|---|---|
| പ്രോജക്ട്നമ്പർ | SO141/21 |
| പേര് | ഹരിതചട്ടം - സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ഭക്ഷണം കഴിക്കുന്നതിന് സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ് (SO) |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |

ഗ്രാമപഞ്ചായത്തിലെ 6 ഗവൺമെന്റ് സ്കൂളുകളിൽ പ്രൈമറി ക്ലാസുകളിൽ വിദ്യാർത്ഥികൾക്ക് ഭക്ഷണം കഴിക്കുന്നതിന് സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ് എന്നിവ വാങ്ങുന്നതിന് വിഭാവനം ചെയ്ത പ്രോജക്ട്.

പ്രോജക്ട്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം പ്രസ്തുത പ്രോജക്ടിന്റെ അടങ്കൽ, ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 83696 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 116411 | 200107 |
| ആകെ | 200107/- | 200107/- |

സാംഖ്യ ACR പ്രകാരം, 200107/- രൂപയും ധനകാര്യ കമ്മീഷൻ അവാർഡ് തുകയാണ് വിനിയോഗിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക |
|---|---|
| 13/11.04.2020 | 116411 |
| 14/11.04.2020 | 83696 |
| ആകെ | 200107/- |

ഇപ്രകാരം വകയിരുത്തിയതിനേക്കാൾ ധനകാര്യ കമ്മീഷൻ അവാർഡ് തുക ചെലവഴിച്ചതിന് വിശദീകരണമായി, ചെലവഴിച്ച തുക എല്ലാം സി.എഫ്.സി ഫണ്ടായാണ് സാംഖ്യയിലും സുലേഖയിലും കാണിക്കുന്നതെന്നും അനുവദിച്ചിരിക്കുന്ന ഫണ്ടിൽ നിന്നു മാത്രമേ റിക്വിസിഷൻ ചെയ്യുന്നതിനും ബിൽ തയ്യാറാക്കുന്നതിനും സാധിക്കുകയുള്ളുവെന്നും അറിയിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 02/07.03.2022ന്റെ മറുപടി). സോഫ്റ്റ്‌വെയർ തകരാർ പരിഹരിക്കുന്നതിന് ഐ.കെ.എം.ൽ പരാതി രജിസ്റ്റർ ചെയ്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

അപാകത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-37 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനാവശ്യമായ അടിസ്ഥാന രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡാറ്റാബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.07.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ജി.ഒ(എം.എസ്)11/2018/എൽ.എസ്.ജി.ഡി.തീയതി 29.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് റോഡ് പ്രവൃത്തികൾക്കുള്ള പദ്ധതികൾ രൂപീകരിക്കേണ്ടത്. ഇപ്രകാരം റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശ പ്രകാരം ആർ-ട്രാക്ക് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് റോഡ് മാപ്പിംഗ് പൂർത്തീകരിച്ചുവെന്നും അതിന്റെ അവസാന അപാകതകൾ കണ്ടുപിടിച്ച് പരിഹരിച്ചുവരുന്നുവെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 05/ 08.03.2022ന്റെ മറുപടി). 2018-ന് മുൻപുള്ള ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്.

ആസ്തി രജിസ്റ്റർ കാലികമാക്കിയും റോഡ് മാപ്പിംഗ് പൂർത്തീകരിച്ചും വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-38 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകങ്ങൾ.

1) പ്രവൃത്തിക്കായി കരാറുകാർ സ്ഥലം ഏറ്റെടുക്കുന്നതിന്റെ വിവരം ലഭ്യമല്ല. സ്ഥലം കൈമാറുന്ന Acknowledgement Form-ൽ തീയതി രേഖപ്പെടുത്തുന്നില്ല.

ഉദാഹരണം - പുള്ളിയറ റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പൈപ്പ് സ്ഥാപിക്കൽ,

ശ്മശാനത്തിൽ ഷെഡ് നിർമ്മാണം, കുന്നപുറം കോളനി മെയിന്റനൻസ്

കരാർ തീയതിയും സ്ഥലം കൈമാറിയ തീയതിയും ഒന്നായതിനാലാണ് രേഖപ്പെടുത്താഞ്ഞതെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 26/14.03.2022-ന്റെ മറുപടി).

2) കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽ പബ്ലിക് ടോയ്‌ലറ്റ് (SO181/21)

അടങ്കൽ തുക – 180000 (കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് - 178157

പ്രസ്തുത പ്രവൃത്തിയുടെ ഇനം 3-ൽ (RR Masonary With Hard Stone In Foundation) ചുവടെ ചേർക്കും പ്രകാരം വ്യത്യാസമുണ്ട്. ( എം. ബുക്ക് പേജ് നമ്പർ 4).

| അളവുകൾ | അർഹത | എം. ബുക്ക് പ്രകാരം |
|---|---|---|
| 2x3.45x0.45x0.30 | 0.931 | 0.931 |
| 2x0.96x0.45x0.30 | 0.259 | 0.388 |
| 1x3.45x0.60x0.30 | 0.621 | 0.621 |

0.129 $M^3$ ന് 5470.10/$m^3$ നിരക്കിൽ 705.64/- രൂപ അധികം നൽകിയതിന് ക്ലറിക്കൽ മിസ്റ്റേക്കാണ് കാരണമായി വിശദീകരിച്ചിട്ടുള്ളത്. ഇപ്രകാരമുള്ള അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ ഭാഗമായി പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വാഷ്ബേസിൻ സ്ഥാപിക്കൽ (SO191/21).

കൊറോണ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി, തനത് ഫണ്ടിൽ നിന്നും 38,954/-രൂപ ചെലവഴിച്ച് പഞ്ചായത്ത് ഓഫീസിന് മുൻവശം, NREGS ഓഫീസിന് മുൻവശം, ആലുംമൂട് മാർക്കറ്റ് എന്നിവിടങ്ങളിൽ വാഷ്ബേസിനുകൾ സ്ഥാപിച്ചു.

14.03.2022-ൽ നടത്തിയ സ്ഥലപരിശോധനയിൽ, പഞ്ചായത്ത് ഓഫീസിന് മുൻപിലുള്ള വാഷ്ബേസിൻ ടാപ്പുകൾ ഇളക്കി മാറ്റി ഉപയോഗശൂന്യമായ അവസ്ഥയിലാണെന്ന് കണ്ടെത്തി.

പ്രസ്തുത വാഷ്ബേസിൻ സാമൂഹ്യവിരുദ്ധർ രാത്രി കാലങ്ങളിൽ നശിപ്പിച്ചതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 38/14.03.2022ന്റെ മറുപടി). പഞ്ചയത്ത്ഫണ്ട് വിനിയോഗിച്ച് സ്ഥാപിച്ച വാഷ്ബേസിനിന്റെ തുടർസംരക്ഷണ ഉറപ്പ് വരുത്തേണ്ടതായിരുന്നു. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

4) അണ്ടൂർക്കോണം എൽ.പി.എസിൽ ഓഡിറ്റോറിയത്തിന് ഇന്റർലോക്കിംഗ് (SO063/21).

എം ബുക്ക് പേജ് നമ്പർ 5, 6, 14 എന്നിവ പ്രകാരം ഇനം 5 – Providing And Laying Ceramic Glazed Floor Tiles Size 30x30 ....

1x(5.60 +5.60 )/2 X (6.85+6.85)/2 = 38.36 $M^2$ ഉൾപ്പെടെ 40.657 $M^2$ ന് 949.44/ $M^2$ നിരക്കിൽ 38601.38/- രൂപ നൽകിയിട്ടുണ്ട്.

സ്ഥലപരിശോധനയിൽ, സ്റ്റേജിലുള്ള 6 പില്ലറുകളുടെ Deductions നടത്തിയിട്ടില്ല.

പില്ലറുകളുടെ അളവ് - 0.50x0.50

ഒരു പില്ലർ Skirtingന്റെ അളവ് - 4x0.10x0.50

കുറയ്ക്കേണ്ട അളവ് - 0.50x0.50x6 =1.5 $M^2$ (-) നിലവിലുള്ള പില്ലർ Skirting – 4x0.10x0.50x6 = 1.2 $M^2$

= 0.3$m^2$

നാമ മാത്രമായ തുകയാണ് (284.83/- രൂപ) അധികമായി നല്കിയതെങ്കിലും, അളവെടുക്കുമ്പോൾ കൂടുതൽ ശ്രദ്ധ ആവശ്യമാണെന്നാണ് ഇത് വ്യക്തമാക്കുന്നത്.

5) നാഗരാജ ക്ഷേത്രത്തിനും പള്ളിപ്പുറം വില്ലേജ് ഓഫീസിനും സമീപമുള്ള നടപ്പാതകൾ ഇന്റർലോക്കിംഗ്, കോൺക്രീറ്റിംഗ് ( SO052/21).

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ, To Provide 80mm Thick Inerlock Due To High Traffic In The Area എന്ന് പരാമർശിച്ച് ഇനം 2ൽ Inerlock Cocrete Block Pavement Providing And Laying Of Inerlocking Concrete Block Pavement Having

Thickness 80mm ... 177.657m2 ന് 766.62/$m^2$ നിരക്കിൽ 136195.41/- രൂപ നല്കിയിട്ടുണ്ട്.

സ്ഥല പരിശോധനയിൽ, പ്രസ്തുത നടപ്പാത ക്ഷേത്രത്തിലേക്കുള്ള വഴിയാണെന്നും High Traffic-ന് വിദൂരസാദ്ധ്യതയില്ലാത്തതാണെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതിന് ഇനം 3ന് നൽകിയ 60mm സിമന്റ് ബ്ലോക്ക് നൽകിയിരുന്നുവെങ്കിൽ 706.66/$m^2$ നിരക്കിൽ 125543/-രൂപ മാത്രമേ ആകുമായിരുന്നുള്ളൂ.

പൊതുഫണ്ട് വിനിയോഗിക്കുമ്പോൾ അനിവാര്യമായ സാമ്പത്തിക അച്ചടക്കമുണ്ടാകേണ്ടതാണ്.

## 1-39 സ്കൂളുകളിൽ മിനി എം.സി.എഫ്. - പ്രവൃത്തി നിർവ്വഹണത്തിലെ അപാകം.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സർക്കാർ സ്കൂളുകളിൽ മിനി എം.സി.എഫ്. |
| പ്രോജക്ട് നമ്പർ | SO183/21 |
| അടങ്കൽ തുക | 127200 (കേന്ദ്രാവിഷ്കൃത പരിപാടി) |
| ചെലവ് | 119330 |
| ചെക്ക് നമ്പർ | 5997734/31.03.2021 |
| എം ബുക്ക് നമ്പർ | 155/20-21 |
| കരാറുകാരൻ | ചന്ദ്രശേഖരൻ.ആർ (എസ്റ്റിമേറ്റ് നിരക്ക്) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗ്രാമപഞ്ചായത്തിലെ കണിയാപുരം, പള്ളിപ്പുറം, അണ്ടൂർക്കോണം, ആലുംമൂട്, കരിച്ചാറ, തിരുവല്ലൂർ എന്നീ ആറ് സ്കൂളുകളിൽ മിനി കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്ത പ്രോജക്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം, വിവിധ ജൈവ - അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിന് ഓരോ സ്കൂളിലും 4 വീതം കളക്ഷൻ ബിന്നുകൾ സ്ഥാപിക്കുന്നതിനായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

പ്രവൃത്തിയുടെ അപ്പന്റിക്സ് - ബിയിൽ 20 ബിന്നുകളുടെ ബോർഡ് എഴുതിയ വകയിൽ ബിൽ പ്രകാരം 3000/-രൂപ നൽകിയിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള കൈപ്പറ്റ് രസീതുകൾ പ്രകാരം, ബിന്നുകൾ കൈപ്പറ്റിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | എണ്ണം |
|---|---|
| അണ്ടൂർക്കോണം എൽ.പി.എസ്. | 3 |
| പള്ളിപ്പുറം എൽ.പി.എസ്. | 3 |
| ആലുംമൂട് എൽ.പി.എസ്.<br>(സ്കൂൾ എച്ച്.എം ന്റെ അഭാവത്തിൽ ബി.ആർ.സി കണിയാപുരം കൈപ്പറ്റിയത്) | 2 |
| കണിയാപുരം യു.പി.എസ്. | 5 |
| തിരുവല്ലൂർ എൽ.പി.എസ്. | 3 |
| കരിച്ചാറ എൽ.പി.എസ്. | 3 |
| ആകെ | 19 |

24 ബിന്നുകൾ നിർമ്മിക്കാനായി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം Appendix A-യിൽ ചെയ്ത അളവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം നമ്പർ | ഇനം | എസ്റ്റിമേറ്റ് അളവ് | എം ബുക്ക് പ്രകാരമുള്ള അളവ് |
|---|---|---|---|
| 1 | Steel Work In Builtup Tubular Trusses Etc..... | 579.433 Kg | 579.433 Kg |
| 2 | Extra For Providing And Fifxing Expanded Metal Mesh ... | 39.968 $M^2$ | 32.63 $M^2$ |
| 3 | Finishing With Epoxy Paint... | 101.752 $M^2$ | 86.921 $M^2$ |

ഇപ്രകാരം ആദ്യ ഇനത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിലും മറ്റുള്ള രണ്ട് ഇനങ്ങളിൽ 80 ശതമാനത്തിൽ കൂടുതൽ അളവിലും പ്രവൃത്തി ചെയ്തിട്ടും 20 എണ്ണം മാത്രം നിർമ്മിച്ചു. അതിൽ 19 എണ്ണം വിതരണം ചെയ്തു.

പ്രവൃത്തിക്കായി ഉപയോഗിച്ച ട്യൂബിന്റെ Weight, Guage എന്നിവ കൂടിയതിനാലാണ് എണ്ണം കുറഞ്ഞതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 47/16.03.2022ന്റെ മറുപടി). ഒരു ബിന്നിന്റെ പെയിന്റിംഗ് പൂർത്തീകരിക്കാൻ താമസിച്ചതിനാൽ നല്കാൻ കഴിഞ്ഞില്ലായെന്നും അത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ അധീനതിയിലുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ ഇനങ്ങളിൽ മാറ്റം വരുത്തിയതും പെയിന്റിംഗ് പ്രവൃത്തി പൂർത്തീകരിക്കാതെ തുക നല്കിയതും ഉചിതമായ നടപടിയല്ല.

വിതരണം ചെയ്യാതെ അവശേഷിക്കുന്ന എം.സി.എഫ് സ്കൂളിന് കൈമാറി, എല്ലാ എം.സി.എഫുകളുടെയും നിലവിലത്തെ അവസ്ഥ ബന്ധപ്പെട്ട സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 എസ്റ്റിമേറ്റ് വ്യാപകമായി പുതുക്കുന്നു.

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും

പ്രതിപാദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം നടപ്പാക്കിയ 61 പ്രവൃത്തികളിൽ 21 എണ്ണത്തിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | മാറ്റം വരുത്തിയ പ്രധാന ഇനങ്ങളുടെ വിശദാംശം |
|---|---|---|---|
| I | SO113/21 | കുന്നംപുറം കോളനി മെയിന്റനൻസ് | പ്രവൃത്തി തുടങ്ങിയപ്പോൾ ഓട നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് നാട്ടുകാരുടെ തർക്കം മൂലം ഓട പണിയുന്നത് ഉപേക്ഷിക്കേണ്ടിവന്നു. സൈഡ് വാൾ നീളം കൂട്ടി. 2, 3, 4, 5 ഇനങ്ങൾ ഒഴിവാക്കി. |
| Ii | SO181/21 | കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽ പബ്ലിക് ടോയ്‌ലറ്റ് | ഏരിയയിൽ വ്യത്യാസം വരുത്തി ഇനങ്ങളുടെ അളവുകൾ കൂട്ടി. |
| Iii | SO134/21 | കണ്ടൽ അംഗനവാടി ഗ്രിൽ, സ്ലാബ് സ്ഥാപിക്കൽ | ഉയരത്തിൽ ഗ്രിൽ സ്ഥാപിച്ചാൽ കുട്ടികൾക്ക് വെയിൽ ഏൽക്കുമെന്നതിനാൽ ഷീറ്റ് ഉപയോഗിച്ച് മറയ്ക്കുന്നതിനായി 4-ാം ഇനവും 9-ാം ഇനമായ പെയിന്റിംഗും ഒഴിവാക്കി 4 അധിക ഇനങ്ങൾ (വാഷ്ബേസിൻ ഉൾപ്പെടെ) ഉൾപ്പെടുത്തി. |

റോഡ് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് എടുത്തശേഷം പൈപ്പ്ലൈൻ കുഴികൾ വന്നതും സ്കൂൾ പ്രവൃത്തികളിൽ അധ്യാപകരുടെയും പി.ടി.എയുടെയും അഭിപ്രായങ്ങളുണ്ടാവുന്നതും എസ്റ്റിമേറ്റ് റിവിഷന് കാരണമായി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 27/14.03.2022ന്റെ മറുപടി). കൃത്യമായ സ്ഥല പരിശോധനയുടെ അഭാവവും പ്രോജക്ട് രൂപീകരണത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തമില്ലായ്മയുമാണ് ഇപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് കാരണമാകുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ, പ്രസ്തുത വിഷയം പരിശോധിച്ച്, എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ഹരിത ഭവനം - പ്രോജക്ട് ഭാഗികമായി നടപ്പാക്കി.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | SO068/21 | |
| പേര് | ഹരിത ഭവനം (SO) | |
| നിർവ്വഹണം | കൃഷി ഓഫീസർ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (ജനറൽ) | 112000 | 67840 |
| ജില്ല പഞ്ചായത്ത് വിഹിതം | 112000 | 0 |
| ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 124800 | 0 |

| | | |
|---|---|---|
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 15040 | 0 |
| ആകെ | 363840 | 67840 |
| ചെലവ് വിശദാംശം | ബിൽ നമ്പർ | തുക |
| | 09/25.02.2021 | 52800 |
| | 14/25.02.2021 | 15040 |

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] പ്രകാരം പ്രസ്തുത സംയോജിത പദ്ധതിയുടെ നടത്തിപ്പിന് വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വീട്ടുവളപ്പിലെ കൃഷിയോഗ്യമായ എല്ലാ സ്ഥലവും ജൈവകൃഷി നടത്തുക, വീട്ടുവളപ്പിൽ പെയ്തിറങ്ങുന്ന മഴവെള്ളം പുറത്തുപോകാതെ അത് കിണറ്റിനരികിൽ കിനിഞ്ഞിറങ്ങുന്നതിന് സൌകര്യപ്പെടുത്തുക, മേൽക്കൂരയിലെ മഴവെള്ളം കിണർ റീ ചാർജിംഗ് പിറ്റിലേക്ക് എത്തിക്കുക, ബാത്ത്റൂമിൽ നിന്നും പുറത്തു കളയുന്ന മലിനജലം റീ സൈക്കിൾ ചെയ്യുന്നതിനായുള്ള സംവിധാനം ഏർപ്പെടുത്തി കടിക്കുന്നതൊഴികെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുക, വീട്ടുവളപ്പിലെ എല്ലാ മാലിന്യങ്ങളും പരിസ്ഥിതി സൌഹൃദമായി ജൈവവളമാക്കുക, വളക്കുഴി നിർമ്മിക്കുക, ഖരമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുക, വളർത്ത് പക്ഷികളേയും മൃഗങ്ങളേയും കഴിയുന്നിടത്തോളം വീട്ടുവളപ്പിൽ സംരക്ഷിച്ച് പരിപാലിക്കുക. വീട്ടുവളപ്പ് മേൽപ്പറഞ്ഞതുൾപ്പെടെയുള്ള രീതികൾക്കനുയോജ്യമായി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ സന്നദ്ധരാകുന്നവർക്ക് സാദ്ധ്യമായ സഹായങ്ങൾ ലഭ്യമാക്കുക.

പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കെയിക്കോയിൽ നിന്ന് ഗ്രോബാഗുകൾ, സമ്പുഷ്ടീകരിച്ച ചാണകം, മുരിങ്ങ, കറിവേപ്പില, പപ്പായ, കിഴങ്ങുവർഗങ്ങൾ, വാഴക്കന്ന് മുതലായവയുടെ 16 യൂണിറ്റുകൾ മാത്രം വിതരണം ചെയ്തു. കിണർ റീചാർജ്, റിംഗ് കമ്പോസ്റ്റ്, കോഴിയും കൂട്ടും മുതലായവയൊന്നും നടപ്പാക്കിയില്ല.

കോവിഡായതിനാലും കിണർ റീ ചാർജ്, റിംഗ് കമ്പോസ്റ്റ് എന്നിവ ചെയ്യുന്ന ഏജൻസികളെ ലഭ്യാമാകാത്തതിനാലുമാണ് ഭാഗിമകമായി നടപ്പാക്കേണ്ടിവന്നതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 18/10.03.2022ന്റെ മറുപടി).

ഇപ്രകാരമുള്ള സംയോജിത പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തിയിലെത്തുന്നതിനായി, പ്രോജക്ടിൽ വിഭാവനം ചെയ്ത എല്ലാ ഘടകങ്ങളും നടപ്പാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്.

## 1-42 പ്രൊക്യൂർമെന്റ് - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

1)വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

2) വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചിട്ടില്ല.

3)ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-21 വർഷത്തേക്കുള്ള വാങ്ങലുകൾക്കായി 22.06.2020-ൽ മാത്രമാണ് യോഗം കൂടിയിട്ടുള്ളത്. പ്രസ്തുത യോഗത്തിൽ തെരുവ് വിളക്ക് സാധനസാമഗ്രികൾ വാങ്ങൽ (നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി, പ്രോജക്ട് നമ്പർ 32/21) എന്നതിലേക്ക് ദർഘാസ് ലഭിച്ചതിൽ എറ്റവും കുറവ് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ സാമ്പിൾ പരിശോധിച്ച് ക്വാളിറ്റിയുണ്ടെന്നും ആയതിനാൽ പർച്ചേസ് ഓർഡർ നൽകുന്നതിനും തീരുമാനിച്ചു.

പെണ്ണാട് വിതരണം പ്രോജക്ടുകൾ, കാർഷിക മേഖലയിലെ പർച്ചേസുകൾ, വിവിധ മരുന്ന് വാങ്ങൽ പ്രോജക്ടുകൾ, അങ്കണവാടി പോഷകാഹാര വിതരണം, വയോജനങ്ങൾക്ക് കട്ടിൽ വിതരണം, ഗ്രാമപഞ്ചായത്തിന് കമ്പ്യൂട്ടറും അനുബന്ധ സാധന സാമഗ്രികളും വാങ്ങൽ, വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്കൂളുകളിൽ സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ് വാങ്ങൽ, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ എന്നിവയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല.

ഓഡിറ്റ് നിർദ്ദേശ പ്രകാരം പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ച് പർച്ചേസുകൾ നടത്തുന്നതാണെന്നും എല്ലാ വാങ്ങലുകളിലും പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെടൽ നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 17/10.03.2022ന്റെ മറുപടി).

വാങ്ങൽ പ്രക്രിയയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിലേക്കായി പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-43 പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ നടപടികളില്ല.

"മണ്ണൊലിപ്പ് തടയൽ, വനസംരക്ഷണം, മഴവെള്ള ശേഖരണം, നിലം നികത്തൽ തടയൽ, ജലസ്രോതസ്സുകളുടെ സംരക്ഷിക്കൽ,

സൗരോർജ്ജ വിനിയോഗം എന്നിവയിലൂടെ പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കേണ്ട ഒരു വികസന സമീപനത്തിന്റെ ആവശ്യകതയുടെ പ്രാധാന്യത്തിലേക്കും നമ്മെ നയിക്കുന്ന പ്രകൃതി ആവാസ വ്യവസ്ഥകളുടെ ലഘു മാതൃകകളായ കാവുകളുടെ സംരക്ഷണത്തിൽ നിന്നുംതന്നെ നാം തുടങ്ങേണ്ടതുണ്ട്" എന്ന് അന്തിമ പദ്ധതി രേഖയിൽ പരാമർശിച്ചിട്ടുണ്ട്.

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) LSGD എഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

പരിസ്ഥിതി സംരക്ഷണത്തിനായുള്ള പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് ഊന്നൽ നൽകി തൊഴിലുറപ്പ് പദ്ധതി വഴി പ്രവർത്തനങ്ങൾ നടത്തുന്നുവെങ്കിലും എല്ലാ കണ്ടൽ കാടുകളുടെയും കാവുകളുടെയും പട്ടിക തയ്യാറാക്കിയിട്ടില്ലായെന്നും അതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 04/08.03.2022ന്റെ മറുപടി). പരിസ്ഥിതി സംരക്ഷണത്തിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഇല്ല

--

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഇല്ല

--

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 57830 (മുൻബാക്കി) 1682064 (വരവ്) | തരിശ് നിലത്തിൽ കൃഷി | 169691 | 57830 |
| | | | കേദാരം- സമഗ്ര നെൽകൃഷി വികസനം | 212500 | |
| | | | ക്ഷീരസമൃദ്ധി- ജനറൽ | 93617 | |
| | | | ക്ഷീരസമൃദ്ധി- സ്പിൽഓവർ | 59256 | |
| | | | സ്നേഹസ്പർശം | 513000 | |
| | | | ലൈഫ് ഗുണഭോക്താക്കൾക്ക് ത്രിതല പഞ്ചായത്ത് | 54000 | |

| | | | | | |
|---|---|---|---|---|---|
| | | | വിഹിതം | | |
| | | | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 480000 | |
| | | | ലക്ഷം വീട് കോളനി അടിസ്ഥാന സൌകര്യ വികസനം | 100000 | |
| | | | ആകെ | 1682064 | |
| ബ്ലോക്ക് പഞ്്ചായത്ത് | 2020-21 | 2277202 (മുൻബാക്കി) 3334737 (വരവ്) | തരിശ് നിലത്തിൽ കൃഷി | 467500 | 1798838 |
| | | | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 1280000 | |
| | | | ലൈഫ് ഗുണഭോക്താക്കൾക്ക് ത്രിതല പഞ്ചായത്ത് വിഹിതം | 320000 | |
| | | | സ്നേഹസ്പർശം | 513000 | |
| | | | ക്ഷീരസമൃദ്ധി- സ്പിൽഓവർ | 184237 | |
| | | | ക്ഷീരസമൃദ്ധി- ജനറൽ | 400000 | |
| | | | കണിയാപുരം Up സ്കൂൾ മെയിന്റെനൻസ് | 598364 | |
| | | | ലക്ഷം വീട് കോളനി അടിസ്ഥാന സൌകര്യ വികസനം | 50000 | |
| | | | ആകെ | 3813101/- | |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് 20-21 B-5 ഷെഡ്യൂൾ പ്രകാരം 1797202/- രൂപയാണ്. പ്രസ്തുത വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്കു നല്കിയ തുകയുടെ വിവരം.

| നിർവ്വഹണ ഏജൻസി | മുന്നിരിപ്പ് (19-20 B18) | പ്രവൃത്തിയുടെ പേര് | തൻവർഷം മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | മുൻ വർഷത്തേത് ഉൾപ്പെടെ Uc ലഭിച്ച തുക | ബാക്കിയുള്ള തുക(മുന്നിരിപ്പ് ഉൾപ്പെടെ) 20-21 B18 |
|---|---|---|---|---|---|---|
| കെ എസ് ഇബി | 937808 | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർപ്പിക്കൽ | 1371958 | 0 | 0 | 2309766 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 937808 | | 1371958 | | | 2309766 |
| കേരളാ വാട്ടർ അതോറിറ്റി | 1240500 | വിവിധ വാർഡുകളിൽ കടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 900000 | 0 | 0 | 2140500 |
| ആകെ | 417910 | | 191500 | 0 | | 609410 |
| Acvance To Other Authorised Agencies (Advance Given To Veo For Implementing Odf Project) | 761600 | 0 | 0 | 0 | 0 | 761600 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ തീയതി | വർഷാരംഭത്തിൽ ബാക്കി | തൻവർഷം അടച്ച തുക | | ബാലൻസ് |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ | | 27873692 (6026000 തൻവർഷ വരവ്) | 2942941 | - | 30956751 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 11747680 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 95905057 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 88369483 |
| നീക്കിയിരിപ്പ് | 19283254 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1473768 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 4800 | ശ്രീ. കൃഷ്ണദത്ത്.പി.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 28968 | ശ്രീ. അശോക്.സി., സെക്രട്ടറി |
| 1-25 | 150000 | ശ്രീ. അരുൺ നിഗ്ലി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ -1 |
| 1-26 | 1190000 | ശ്രീ. അരുൺ നിഗ്ലി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ -1 |
| 1-30 | 100000 | ശ്രീ. അഭിലാഷ്.എം.എ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ -2 |
| ആകെ | 1473768/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കൃഷ്ണദത്ത്.പി.എസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, അണ്ടൂർക്കോണം | പട്ടറത്ത് വീട്, അരശുംമൂട്, |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | കുളത്തൂർ.പി.ഒ. |
| ശ്രീ. അശോക്.സി, സെക്രട്ടറി | സെക്രട്ടറി, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | ദ്വാരക, കുടുമ്പന്നൂർ, നേമം.പി.ഒ. പ്രാവച്ചമ്പലം |
| ശ്രീ. അരുൺ നിഗ്ലി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | അരുണോദയം, ജി.സി. നഗർ, പേരൂർക്കട |
| ശ്രീ. അഭിലാഷ്.എം.എ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ലഭ്യമല്ല | തിരുവോണം, ബാലരാമപുരം.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/877/18, തീയതി 14.06.2018 | 6 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/877/18, തീയതി 14.06.2018 | 3 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/877/18, തീയതി 14.06.2018 | 2 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/ 1098/15, തീയതി 01.09.2015 | 12 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/ 1288/16, തീയതി 28.07.2016 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/ 1891/2016, തീയതി 05.11.2016 | 12 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/ 690/2017, തീയതി 09.08.2017 | 12 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.11/ 2194/19, തീയതി 07.12.2019 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/ 222/2020, തീയതി.20.10.2020 | 54 |
| 2019-20 | കെ.എസ്.എ.റ്റി.വി.എംജി.പി.11/1725/2021, തീയതി 08.02.2022 | 35 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്